
**വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്**



# പൗരാവകാശരേഖ

# 2026



‘അവകാശങ്ങളുടെ യഥാർത്ഥ ഉറവിടം
കടമകളുടെ നിർവഹണത്തിലാണ്.‘
–മഹാത്മാ ഗാന്ധി

ഓരോ പൗരനും മാന്യവും നീതിപൂർണ്ണവുമായ സേവനങ്ങൾ ലഭിക്കാനുള്ള അവകാശമുണ്ട്. അതോടൊപ്പം സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കായി സ്വന്തം കടമകൾ ഉത്തരവാദിത്തത്തോടെ നിർവഹിക്കേണ്ടതുമുണ്ട്. അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഒരുപോലെ പാലിക്കുമ്പോഴാണ് ശക്തമായ ജനാധിപത്യവും നല്ല ഭരണവും സാക്ഷാത്കരിക്കപ്പെടുന്നത്.

# പൗരാവകാശരേഖ പ്രഖ്യാപനം

ഈ രേഖയിൽ പറയുന്ന സേവനങ്ങളും സഹായങ്ങളും വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതാണ്.

രേഖയിൽ പറയുന്ന ക്ഷേമപദ്ധതികൾ സർക്കാറിന്റെ കാലാകാലങ്ങളിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമാണ്. ധനസഹായം ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭിക്കുന്നത് അനുസരിച്ച് മാത്രമേ നൽകുകയുള്ളൂ. ബ്ലോക്ക് പഞ്ചായത്തിനോടൊപ്പം ഘടക സ്ഥാപനങ്ങളുടേയും ചുമതലകളും സഹായ പദ്ധതികളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. അവർ നൽകേണ്ട സേവനങ്ങൾ ഉറപ്പുവരുത്താനുള്ള ബാധ്യത അതാതു സ്ഥാപനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമാണ്.

**ഓഫീസ് പ്രവൃത്തിസമയം**

രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരെ
ഉച്ചഭക്ഷണസമയം 1.15 മുതൽ 2 വരെ


വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

**പൗരാവകാശരേഖ 2026**
**CITIZENS CHARTER 2026**

| | | |
|---|---|---|
| എഡിററർ | : | ശ്രീകല കെ. (സെക്രട്ടറി, വെള്ളാങ്കല്ലൂർ ബ്ലോക്ക്പഞ്ചായത്ത്) |
| പ്രസാധകർ | : | വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് |
| വർഷം | : | 2026 |
| കോപ്പി | : | 500 |

# ••••ആമുഖം••••

കേരളപഞ്ചായത്തീരാജ് ആക്ട് 1994 വകുപ്പ് 272(എ) പ്രകാരം തദ്ദേശഭരണ സ്ഥാപനം ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ സംബന്ധമായ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്ന് നിഷ്കർഷിക്കുന്നു.

തദ്ദേശസ്ഥാപനങ്ങളുടെ പൊതുഭരണം സുതാര്യമാക്കുന്നതിനും ജനങ്ങൾക്ക് ബന്ധപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക എന്നത് വളരെ പ്രാധാന്യമേറിയ കാര്യമാണ്. പൗരാവകാശ രേഖ എന്ന ചുമതല തദ്ദേശ ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്.

ബ്ലോക്ക്പഞ്ചായത്ത് പൊതുഭരണം സുതാര്യവും ജനകീയവുമാക്കുന്ന നിരവധി പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. 2024–25 വർഷത്തിൽ ഭരണഘടന വിജ്ഞാനോത്സവം സംഘടിപ്പിക്കുകയും ഭരണഘടനയുടെ ആമുഖം വിദ്യാലയങ്ങളിലും, പൊതു ഇടങ്ങളിലും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളായ പുത്തൻചിറ സി.എച്ച്.സി, പി.എച്ച് .സി വെള്ളാങ്ങല്ലൂർ, കൃഷി വികസന പദ്ധതി ഓഫീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, പട്ടികജാതി വികസന ഓഫീസ്, ചൈൽഡ് ഡെവലപ്മെന്റ് ഓഫീസ് ഈ സ്ഥാപനങ്ങളെല്ലാം ഐഎസ്ഒ നിലവാരത്തിലേക്ക് എത്തിക്കുന്നതിലും, ഇതിന്റെ എല്ലാം സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള അഞ്ച് പഞ്ചായത്തുകളിലും ശുചിത്വം പരിപാലിക്കുന്നതിനും ആരോഗ്യ പരിരക്ഷക്കും മൊബൈൽ ട്രീറ്റ്മെന്റ് എന്ന മെഷിനറി ഉപയോഗവും നടപ്പിലാക്കുന്നു. കൈമാറികിട്ടിയ സ്ഥാപനങ്ങളും ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങളും വ്യവസ്ഥകളും സമയപരിധിയും വിശദമാക്കിക്കൊണ്ടുള്ള പൗരാവകാശരേഖ ഭരണസമിതിയുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നു.

വെള്ളാങ്കല്ലൂർ
25. 06. 2026

**വൽസല ബാബു**
ബ്ലോക്ക്പഞ്ചായത്ത് പ്രസിഡണ്ട്
വെള്ളാങ്കല്ലൂർ

# വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

## അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | ബ്ലോക്കിന്റെ പേര് | : | വെള്ളാങ്കല്ലൂർ |
| 2. | ബ്ലോക്ക് സ്ഥിതി ചെയ്യുന്ന ജില്ല | : | തൃശ്ശൂർ |
| 3. | ബ്ലോക്ക് ഓഫീസ് സ്ഥിതി ചെയ്യുന്ന കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് | : | വെള്ളാങ്കല്ലൂർ |
| 4. | ജില്ലാ ആസ്ഥാനത്തു നിന്നും ബ്ലോക്ക് ഓഫീസിലേക്കുള്ള ദൂരം | : | 30 കി മീ. |
| 5. | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ പേര് | : | വൽസല ബാബു |
| 6. | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേര് | : | ശ്രീകല കെ. |
| 7. | തപാൽ ആഫീസ് പിൻകോഡ് സഹിതം | : | വെള്ളാങ്കല്ലൂർ പി ഒ പിൻ-680662 |
| 8. | ട്രഷറി | : | മുകുന്ദപുരം |
| 9. | ബ്ലോക്കിലെ ടെലിഫോൺ നമ്പർ | : | 0480 2862806 |
| 10. | ഇ മെയിൽ | : | bdovlgr@gmail.com |
| 11. | ബ്ലോക്കിലെ ജീവനക്കാരുടെ എണ്ണം | : | 30 |
| 12. | ബ്ലോക്കിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ എണ്ണം, പേര് | : | 5, പടിയൂർ, പൂമംഗലം, പുത്തൻചിറ, വെള്ളാങ്കല്ലൂർ, വേളൂക്കര |
| 13. | സ്ഥലം എം പി മാരുടെ പേര് | : | ശ്രീ ബെന്നി ബെഹനാൻ (ചാലക്കുടി)<br>ശ്രീ. സുരേഷ്ഗോപി (തൃശ്ശൂർ) |
| 14. | സ്ഥലം എം എൽ എ മാരുടെ പേര് | : | അഡ്വ. ഒ.ജെ. ജെനീഷ് (ബഹു. യുവജനകാര്യം – കായികം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു– പുരാരേഖ വകുപ്പ് മന്ത്രി)<br>(ബഹു. കൊടുങ്ങല്ലൂർ എം.എൽ.എ.)<br>അഡ്വ. തോമസ് ഉണ്ണിയാടൻ<br>ബഹു. ഇരിങ്ങാലക്കുട എം.എൽ.എ. |
| 15. | ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ | : | ഇരിങ്ങാലക്കുട |
| 16. | ഏറ്റവും അടുത്ത ബസ്സ് സ്റ്റേഷൻ | : | ഇരിങ്ങാലക്കുട |
| 17. | ബ്ലോക്കിലെ ആകെ ജനസംഖ്യ | : | 1,23,327 |
| | പുരുഷന്മാർ | : | 61,801 |
| | സ്ത്രീകൾ | : | 61,526 |
| 18. | ബ്ലോക്കിലെ പട്ടികജാതി ജനസംഖ്യ | : | 16,154 |
| 19. | സാക്ഷരത (%) | : | 92.73 % |
| | പുരുഷന്മാർ | : | 89.17 % |
| | സ്ത്രീകൾ | : | 96.29 % |
| 20. | പട്ടികവർഗ്ഗ ജനസംഖ്യ | : | 62 |

# വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്
# പൊതുവിവരങ്ങൾ

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | : | വെള്ളാങ്കല്ലൂർ |
| വിസ്തീർണ്ണം | : | 105.08 ച. കി.മീ |
| അതിരുകൾ | : | കിഴക്ക് -മാള ബ്ലോക്ക്<br>പടിഞ്ഞാറ്- കനോലി കനാൽ<br>തെക്ക് - കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി<br>വടക്ക് - ഇരിങ്ങാലക്കുട ബ്ലോക്ക് |
| ജനസംഖ്യ | : | 1,23,327 |
| പുരുഷന്മാർ | : | 61801 |
| സ്ത്രീകൾ | : | 61526 |
| ജനസാന്ദ്രത | : | 1173/ ച. കി.മീ |
| ആകെ പട്ടികജാതിക്കാർ | : | 16,154 |
| പട്ടികവർഗ്ഗം | : | 69 |
| സ്ത്രീ പുരുഷ അനുപാതം | : | 996:1000 |
| സാക്ഷരത | : | 92.73 |
| സ്ത്രീ സാക്ഷരത | : | 96.29 |
| താലൂക്ക് | : | മുകുന്ദപുരം |
| പാർലമെന്റ് മണ്ഡലം | : | ചാലക്കുടി, തൃശ്ശൂർ |
| അസംബ്ലി മണ്ഡലം | : | ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ |
| ആകെ വാർഡ് | : | 14 |
| സ്ത്രീ സംവരണം | : | 7 |
| പട്ടികജാതി സംവരണം | : | 2 |
| പ്രസിഡണ്ട് | : | ശ്രീമതി വൽസല ബാബു |
| വൈസ് പ്രസിഡണ്ട് | : | ശ്രീമതി ആലീസ് തോമസ് |
| ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർ പേഴ്സൺ | : | ശ്രീമതി സുമ രാമൻ |
| വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ | : | ശ്രീമതി റോമി ബേബി |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ | : | ശ്രീ സുജിത് ലാൽ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ | : | ശ്രീ ബാബു രാജൻ (Late)<br>ശ്രീമതി, ശ്രീഷ്മ സലീഷ്<br>ശ്രീ ശിവൻ കെ കെ<br>ശ്രീമതി ഗീത മനോജ്<br>ശ്രീ ഷറഫുദ്ദീൻ<br>ശ്രീ അയൂബ് കരൂപ്പടന്ന<br>ശ്രീമതി സന്ധ്യ വിനോദ്<br>ശ്രീമതി ജിസ്ന ഫ്രാൻസീസ്<br>ശ്രീ ജിതിൽ ഗോപി |
| സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശ്രീകല കെ. |
| ഗ്രാമപഞ്ചായത്തുകൾ | : | പടിയൂർ, പൂമംഗലം, പുത്തൻചിറ, വെള്ളാങ്കല്ലൂർ, വേളൂക്കര |
| ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ | : | |
| വെള്ളാങ്കല്ലൂർ | : | സുലേഖ അബ്ദുള്ളക്കുട്ടി |
| വേളൂക്കര | : | ഷീജ ഉണ്ണികൃഷ്ണൻ |
| പൂമംഗലം | : | കെ എസ് തമ്പി |
| പടിയൂർ | : | കെ.പി. കണ്ണൻ |
| പുത്തൻചിറ | : | വി എൻ രാജേഷ് |
| ജില്ലാ പഞ്ചായത്ത് മെമ്പർമാർ | : | കാവ്യ രഞ്ജിത് (ആളൂർ)<br>ടി കെ സുധീഷ് (കാട്ടൂർ)<br>സി ബി ഷക്കീല ടീച്ചർ(വെള്ളാങ്കല്ലൂർ)<br>ജോസ് ജെ ചിറ്റിലപ്പിള്ളി(മുരിയാട്) |

# ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്

| നമ്പർ | തസ്തികയുടെ പേര് | നിലവിലുള്ള എണ്ണം | ചുമതലകൾ |
|---|---|---|---|
| 1 | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ | 1 | ബ്ലോക്ക്ഡെവലപ്മെന്റ് ഓഫീസിന്റേയും ബ്ലോക്ക്പഞ്ചായത്ത് ഓഫീസിന്റേയും ഓഫീസ് മേധാവി. കേന്ദ്രാവിഷ്കൃത പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതി എന്നിവയുടെ നടത്തിപ്പ് ചുമതല മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ നടത്തിപ്പ് ചുമതല |
| 2 | ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്) | 1 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി –ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമ പഞ്ചായത്തുകൾ, എന്നിവിടങ്ങളിലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഏൽപ്പിക്കുന്ന എല്ലാ ജോലികളും കൂടാതെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/ സെക്രട്ടറി ഇല്ലാത്തസമയങ്ങളിൽ ബി.ഡി.ഒ സെക്രട്ടറിയുടെ അധിക ചുമതല |
| 3 | ജോയിന്റ് ബി.ഡി.ഒ. (R.H) | 1 | പ്രധാനമന്ത്രി ആവാസ്യോജന (പിഎംഎവൈ) ലൈഫ് ഉൾപ്പെടെയുള്ള എല്ലാ ഭവനനിർമ്മാണ പദ്ധതികളുടെയും ചുമതല കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചുമതല |
| 4 | എക്സ്റ്റൻഷൻ ഓഫീസർ (പി&എം) | 1 | ഓഫീസിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടേയും പുരോഗതി റിപ്പോർട്ട് തയ്യാറാക്കി മേൽഓഫീസുകളിലേയ്ക്ക് സമയാസമയങ്ങളിൽ അയക്കുക, കമ്പ്യൂട്ടറുകൾ, മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ചുമതലയും മേൽനോട്ടവും കൂടാതെ സ്റ്റാഫ് മീറ്റിംഗ്, ജനറൽ കമ്മിറ്റിയോഗം എന്നിവയുടെ മിനിട്സിന്റെ ചുമതല |
| 5 | എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) | 1 | സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും ചുമതല, എം.കെ.എസ്പി., പദ്ധതിയുടെ ചുമതല, പരിശീലന പരിപാടികളുടെ മേൽനോട്ടവും എം.ടി.യു.വിന്റെ മേൽനോട്ടം, കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗം മിനുട്ട്സ്. |
| 6 | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | ബ്ലോക്ക് പഞ്ചായത്ത് അസി. പ്ലാൻ കോ–ഓർഡിനേറ്റർ, ദേശീയ സമ്പാദ്യപദ്ധതിയുമായി ബന്ധപ്പെട്ട ചുമതലകൾ, കേരളോത്സവം, സാക്ഷരത, ഓഫീസ് ആസ്തികളുടേയും വാഹനങ്ങളുടെയും മേൽനോട്ട ചുമതലകൾ, ബ്ലോക്ക് സംബന്ധമായ മറ്റു പൊതുകാര്യങ്ങളും കൂടാതെ ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചുമതല |
| 7 | ഹെഡ്ക്ലാർക്ക് | 1 | വിവിധ സെക്ഷനുകളുടെ മേൽനോട്ടം, ജീവനക്കാര്യം, ക്യാഷ്ബുക്ക്,അക്വിറ്റൻസ്,ബിൽബുക്ക്, സെക്യൂരിറ്റി രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ഹാജർ പുസ്തകം എന്നിവയുടെ ചുമതല,വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള മറുപടി തയ്യാറാക്കുന്നതിനുള്ള മേൽനോട്ടം, വിവരാവകാശ നിയമം, ഭരണനിർവ്വഹണ മേൽനോട്ടം എന്നിവയുടെ മിനിട്ട്സിന്റെ ചുമതല |
| 8 | ഹെഡ് അക്കൗണ്ടന്റ് | 1 | ബ്ലോക്ക്പഞ്ചായത്ത് കെ.സ്മാർട്ട് സോഫ്റ്റ് വെയറിൽ അക്കൗണ്ടുകളുടെ പരിപാലനം, മേൽനോട്ടം,ആദായനികുതി റിട്ടേൺ, അക്കൗണ്ടുകളുടെ റിക്കൺസിലേഷൻ, എ.എഫ്.എസ്, ബഡ്ജറ്റ് തയ്യാറാക്കൽ, ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റി യോഗം ചുമതല |

# ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്

| നമ്പർ | തസ്തികയുടെ പേര് | നിലവിലുള്ള എണ്ണം | ചുമതലകൾ |
|---|---|---|---|
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | ഗ്രാമവികസന വകുപ്പിന്റെ കീഴിൽ കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ വിവിധതരം ദാരിദ്ര്യ ലഘൂകരണ, വികസന പദ്ധതികളുടെ ഗ്രാമപഞ്ചായത്ത് തല ഉദ്യോഗസ്ഥൻ കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണം, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ, കുടുംബശ്രീ മെമ്പർ, സെക്രട്ടറി, സമ്പൂർണ്ണ ശുചിത്വയജ്ഞം, ഹരിതകർമ്മ സേന ചാർജ്ജ് ഓഫീസർ എന്നീ ചുമതലകൾ |
| 11 | ക്ലർക്ക്മാർ | 3 | സെക്ഷൻ എ: ജീവനക്കാര്യം, തെരഞ്ഞെടുപ്പ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് (ബിഡിഒ), മറുപടി തയ്യാറാക്കൽ,സ്റ്റേഷനറി<br>(ഗവൺമെന്റ്), ഭരണഭാഷ<br>സെക്ഷൻ ബി: ഭവനനിർമ്മാണം,സമ്പൂർണ്ണ ശുചിത്വ യജ്ഞം, വിവരാവകാശം, വിവിധോദ്ദേശ്യ ഗ്രാന്റ്ഫണ്ട്., റെന്റ് അക്കൗണ്ട്,<br>സെക്ഷൻ സി: ബ്ലോക്ക്പഞ്ചായത്ത്പദ്ധതി നിർവ്വഹണം കേരളോത്സവം,ബ്ലോക്കുപഞ്ചായത്തുമായി ബന്ധപ്പെട്ടു വരുന്ന പൊതുപരിപാടികൾ, എം.പി, എം.എൽ.എ. മാരുടെ പ്രത്യേക വികസനഫണ്ട്, എം.കെ.എസ്.പി, എസ്.ജി.എസ്.വൈ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 12 | ടൈപ്പിസ്റ്റ് | 1 | ഡെസ്പാച്ച്, ഫെയർ കോപ്പി, തപാൽ, ഡിസ്ട്രിബ്യൂഷൻ, |
| 13 | ഡ്രൈവർ | 1 | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിന്റേയും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റേയും ആവശ്യങ്ങൾക്കായി വാഹനം ഓടിക്കലും വാഹനത്തിന്റെ പരിപാലനവും, ലോഗ് ബുക്ക്, വെഹിക്കിൾ മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കൽ |
| 14 | ഓഫീസ് അറ്റൻഡുമാർ | 2 | ഓഫീസിലെ എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട സഹായം നൽകൽ |
| 15 | പാർട്ട് ടൈം സ്വീപ്പേഴ്സ് | 1 | ഓഫീസും അനുബന്ധ കെട്ടിടങ്ങളും, പരിസരവും ഉപകരണങ്ങളും വൃത്തിയാക്കൽ |
| 16 | അക്രഡിറ്റഡ് എഞ്ചിനീയർ | 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ V-BG RAM Gയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളുടേയും ചുമതല |
| 17 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ V-BG RAM Gയുമായി ബന്ധപ്പെട്ട എല്ലാ കണക്കുകളും വിവരങ്ങളും എൻട്രി ചെയ്യൽ,റിപ്പോർട്ട് അയക്കൽ |
| 18 | പ്രൊജക്റ്റ് അസിസ്റ്റന്റ് | 1 | കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പദ്ധതികൾ തയ്യാറാക്കൽ, രേഖകൾ സൂക്ഷിക്കൽ, വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം |

# ബ്ലോക്ക്പഞ്ചായത്തുകളുടെ ചുമതലകൾ

(കേരളപഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും നാലാം പട്ടിക
(172)ം വകുപ്പ് (1)ം ഉപവകുപ്പ് കാണുക)

## എ. പൊതുവായ ചുമതലകൾ

1. ബ്ലോക്ക്തലത്തിൽ സർക്കാർ സർക്കാരിതര സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുക.
2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ്,ഫോർവേഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

## ബി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

### I. കൃഷി

1. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.
2. ഗ്രാമീണതലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക.
3. കാർഷിക പ്രദർശനങ്ങൾ നടത്തുക.
4. ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക.
5. കാർഷിക വായ്പ സ്വരൂപിക്കുക.
6. പട്ടുനൂൽകൃഷി പ്രോത്സാഹിപ്പിക്കുക.

### II. മൃഗസംരക്ഷണവും ക്ഷീരോൽപാദനവും

1. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.
2. മൃഗസംരക്ഷണത്തിൽ വിദഗ്ദ്ധസേവനം നൽകുക.
3. കന്നുകാലി കോഴി പ്രദർശനങ്ങൾ നടത്തുക.

### III. ചെറുകിട ജലസേചനം

ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.

### IV. മത്സ്യബന്ധനം

പരമ്പരാഗത കടവുകളുടെ വികസനം

### V. ചെറുകിട വ്യവസായം

1. മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
2. എസ്.എസ്.ഐ.യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. വ്യവസായമേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക.

### VI. ഭവനനിർമ്മാണം

1. ചെലവ് കുറഞ്ഞ ഭവനനിർമ്മാണം പ്രചരിപ്പിക്കുക.
2. ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക

## VII. വിദ്യുച്ഛക്തിയും ഊർജ്ജവും

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കുക.

## VIII. വിദ്യാഭ്യാസം

സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്.

## XI. പൊതുമരാമത്ത്

1.ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക്പഞ്ചായത്തുകളിലെ വില്ലേജ് റോഡുകളും, ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക.

2.സർക്കാറിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.

## X. പൊതുജനാരോഗ്യവും ശുചീകരണവും

ബ്ലോക്ക്പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

## XI. സാമൂഹ്യക്ഷേമം

ഐ.സി.ഡി.എസ്കൾ നടത്തുക.

## XII. ദാരിദ്ര്യ നിർമ്മാർജ്ജനം

1. ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാപദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക
2. പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടുകൂടിയ തൊഴിൽ നൽകുകയും ചെയ്യുക.

## XIII. പട്ടികജാതി പട്ടികവർഗ്ഗ വികസനം

1. പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്തുക.
2. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക.

## XIV. സഹകരണം

1. ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.
2. സഹകരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

# പൗരാവകാശ രേഖ എന്ത്? എന്തിന്?

## ലക്ഷ്യവും ഉള്ളടക്കവും

ഈ സ്ഥാപനത്തിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്? സേവനങ്ങൾ ആർക്കെല്ലാം എപ്പോൾ, എങ്ങനെ, എന്ത് നിബന്ധനകളുടെ അടിസ്ഥാനത്തിൽ, എത്ര ദിവസത്തിനുള്ളിൽ ലഭിക്കും. ഇതാണ് ഈ പൗരാവകാശരേഖയുടെ പ്രധാനമായ ഉള്ളടക്കം. ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും ലഭ്യമാക്കുക, സംശയങ്ങൾ ദൂരീകരിക്കുവാനുള്ള അവസരവും സന്ദർഭവും ഉണ്ടാക്കുക, ആരോടും പക്ഷപാതിത്വം കാണിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക, എപ്പോഴും ബന്ധപ്പെടാനും,സേവനങ്ങൾക്കായി സമീപിക്കാനുള്ള സംവിധാനം ഒരുക്കുക,പരാതികൾ പരിഹരിക്കുക, ഈ സ്ഥാപനത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്വവും സമർപ്പണവും വിശ്വാസവും എപ്പോഴും പാലിക്കുക,സ്ഥാപനവും ജനങ്ങളും തമ്മിൽ സൗഹാർദ്ദപരമായ ബന്ധം ഊട്ടിയുറപ്പിക്കുക എന്നീ കാര്യങ്ങളാണ് സ്വാഭാവികമായും ഈ പൗരാവകാശ രേഖയിൽ വിവരിക്കുന്നത്. അർഹരായ എല്ലാവർക്കും പരാതികൾക്കിടനൽകാത്ത വിധം സേവനങ്ങൾ നൽകാനുള്ള ഈ സ്ഥാപനത്തിന്റെ ബാദ്ധ്യത പൗരാവകാശ രേഖയിലൂടെ ഉറപ്പുവരുത്തുന്നു. ഭരണ സുതാര്യതയ്ക്കും കാര്യക്ഷമതക്കുമുള്ള ഒരു സാക്ഷ്യപത്രം കൂടിയാണ് പൗരാവകാശ രേഖ.

## സ്ഥാപനത്തിന്റെ ദർശനം, ദൗത്യം, കാഴ്ചപ്പാട്

ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമാണ് ഈ സ്ഥാപനം. പ്രാദേശിക സാമ്പത്തിക വികസനം,ദാരിദ്ര്യനിർമ്മാർജ്ജനം, ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനം,പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും,സ്ത്രീകളുടേയും, കുട്ടികളുടേയും ക്ഷേമം എന്നിവ ലക്ഷ്യമാക്കിയുള്ള കേന്ദ്ര–സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സമഗ്ര വികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തുവരുന്നു. ഈ സ്ഥാപനത്തിന്റെ ദീർഘദൂര കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ എന്നിവ താഴെ പറയുന്നവയാണ്.

- ഗ്രാമീണസമ്പദ്ഘടനയുടെ വളർച്ചയും വികസനവും.
- ദാരിദ്ര്യനിർമ്മാർജ്ജനവും പ്രാദേശിക സാമ്പത്തികവികസനവും.
- എല്ലാ ദരിദ്രജനവിഭാഗങ്ങൾക്കും തൊഴിലവസരങ്ങൾ.
- എല്ലാവർക്കും ആരോഗ്യ സുരക്ഷ, ശുചിത്വം,കുടിവെള്ളം.
- സമഗ്ര കാർഷിക വികസനം, ക്ഷീരവികസനം,മൃഗസംരക്ഷണം.
- സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം.
- ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- പട്ടികജാതി – പട്ടികവർഗ്ഗക്കാർ, ദുർബ്ബല ജനവിഭാഗങ്ങൾ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ, അഗതികൾ,വൃദ്ധജനങ്ങൾ എന്നിവരുടെ സാമൂഹ്യ സുരക്ഷ.

കൂടാതെ പഞ്ചായത്തീരാജ് നിയമത്തിന്റെ 4–ാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുള്ള ചുമതലകൾ താഴെ പറയുന്നവയാണ്.ഇവയെ അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണവും ലക്ഷ്യങ്ങളിൽപ്പെടുന്നു.

## ഈ സ്ഥാപനത്തിന്റെ ഘടനയും പ്രധാന ചുമതലകളും

പഞ്ചായത്തീരാജ് നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതിയാണ് ഈ സ്ഥാപനത്തിന്റെ ഭരണം നടത്തുന്നത്. അംഗങ്ങളും 5 ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരും അടങ്ങുന്നതാണ് ഭരണസമിതി. ഭരണസമിതിയിലെ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ചെയർമാന്മാരും, അംഗങ്ങളും ഉൾക്കൊള്ളുന്ന ധനകാര്യം, വികസന കാര്യം, ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നീ സ്റ്റാന്റിങ്ങ് കമ്മിറ്റികളും ഭരണസൗകര്യത്തിനായി രൂപീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ആസൂത്രണ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ജനറൽ കമ്മിറ്റിയും വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളും യോഗം ചേർന്നാണ് ഈ സ്ഥാപനത്തിന്റെ ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നത്. വിവിധ പദ്ധതികളുടെ ആസൂത്രണം, പദ്ധതി രൂപീകരണം, നിർവ്വഹണം, വിലയിരുത്തൽ

എന്നിവ സ്വാഭാവികമായും ഭരണ ചുമതലകളിൽപ്പെടുന്നു. ഇവ കൂടാതെ വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളും മാർഗ്ഗരേഖകൾ അനുസരിച്ച് നിർവ്വഹണം നടത്തുന്നു. ഈ ഭരണ സംവിധാനത്തിന്റെ മുഖ്യഘടകമാണ് ഉദ്യോഗസ്ഥ സംവിധാനം.

സെക്രട്ടറി & ബി.ഡി.ഒ ആണ് സ്ഥാപനത്തിന്റെ മുഖ്യ ഉദ്യോഗസ്ഥൻ. താഴെ പറയുന്നവർ വിവിധ ചുമതലകൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരാണ്.

| | |
|---|---|
| 1. സെക്രട്ടറി & ബി.ഡി.ഒ | – ഓഫീസ് മേധാവി |
| 2. ജോയിന്റ് ബി.ഡി.ഒ (ഇജിഎസ്) | – മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/VB-G RAM G |
| 3. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | – ആസൂത്രണം, സമ്പാദ്യപദ്ധതികൾ, കായികം, യുവജനക്ഷേമം, പദ്ധതി രൂപീകരണം, |
| 4. എക്സ്റ്റൻഷൻ ഓഫീസർ (WW) | – ശുചിത്വം, വനിതാക്ഷേമം, സ്വയംതൊഴിൽ സംരംഭങ്ങൾ, പി.എം.കെ.എസ്.വൈ, പദ്ധതി |
| 5. എക്സ്റ്റൻഷൻ ഓഫീസർ (H) | – ഭവനനിർമ്മാണം |
| 6. എക്സ്റ്റൻഷൻ ഓഫീസർ (P&M) | – പരിശീലനം, മോണിറ്ററിംഗ് |
| 7. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ | – പദ്ധതികളുടെ പഞ്ചായത്ത്തല നിർവ്വഹണം |

ഇവരെ കൂടാതെ ഹെഡ്ക്ലാർക്കിന്റെ നേതൃത്വത്തിൽ മിനിസ്റ്റീരിയൽ ജീവനക്കാരും സ്ഥാപനത്തിന്റെ ഭരണ സംവിധാനത്തിൽ ഉൾപ്പെടുന്നു.

## ഈ സ്ഥാപനത്തിലേക്ക് കൈമാറികിട്ടിയ ഉദ്യോഗസ്ഥർ

| | |
|---|---|
| 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | – അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, അനുബന്ധ തസ്തികകളും |
| 2. വ്യവസായ വാണിജ്യ വകുപ്പ് | – വ്യവസായ വികസന ഓഫീസർ |
| 3. സാമൂഹ്യനീതി വകുപ്പ്/ വനിതാ ശിശു വികസന വകുപ്പ് | – ശിശുവികസന പദ്ധതി ഓഫീസർ |
| 4. പട്ടികജാതി വികസന വകുപ്പ് | – ബ്ലോക്ക് പട്ടികജാതിവികസന ഓഫീസർ |
| 5. ആരോഗ്യ വകുപ്പ് | – മെഡിക്കൽ ഓഫീസർമാർ |
| 6. ക്ഷീരവികസന വകുപ്പ് | – ക്ഷീരവികസന ഓഫീസർ |
| 7. തദ്ദേശഭരണ എൽഎസ്ജിഡി എഞ്ചി.വിഭാഗം | – അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ അനുബന്ധ തസ്തികകളും |

# പ്രാദേശിക സാമ്പത്തിക വികസനം

ഓരോ വർഷവും സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതത്തിലൂടെ ലഭ്യമാക്കുന്ന വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇവ ഉപയോഗിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് പ്രാദേശിക വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

ആസൂത്രണസമിതി വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭ, സ്റ്റേക്ക് ഹോൾഡേഴ്സ്, യോഗങ്ങൾ, പഞ്ചായത്ത് സമിതി എന്നിവ ചർച്ച ചെയ്താണ് പദ്ധതികൾക്ക് രൂപം നൽകുന്നത്.

ഉൽപാദനമേഖല, അടിസ്ഥാനസൗകര്യം, സേവനമേഖല, എന്നിവക്കു സർക്കാർ മാനദണ്ഡപ്രകാരം നിശ്ചിത തുക വകയിരുത്തിയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ഇത് ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതോടെ പദ്ധതികൾ നിർവ്വഹണം നടത്തുന്നു.

നിലവിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നപദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്തുവാൻ അനുവാദമില്ല. ഭവനനിർമ്മാണം,ശാരീരികമായും, മാനസീകവുമായി വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കുള്ള പദ്ധതികൾക്ക് മാത്രം സർക്കാർ പ്രത്യേകം അനുവാദം നൽകിയിട്ടുണ്ട്. പ്രാദേശികവികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ താല്പര്യമുള്ള വ്യക്തിഗത സഹായപദ്ധതികൾ ഒഴിച്ചുള്ള പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ പരിഗണനയ്ക്കായി പൊതുജനങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്. കൃഷി, ചെറുകിട ജലസേചനം, ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം, ശാരീരികവും മാനസീകവുമായി വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ, രണ്ട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്നിവ ഇവയിൽപ്പെടുന്നു.

പദ്ധതികൾ നടപ്പിലാക്കുന്നത് അതാതു മേഖലകളിൽ ചുമതല വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരാണ്. അവരിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ യഥാസമയം ഫലപ്രദമായും സുതാര്യമായും നടപ്പിലാക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നത് മോണിറ്ററിംഗ് സമിതികളാണ്. ഓരോ വികസന മേഖലയിലും പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ആണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നത്. ഈ സമിതികളുടെ വിലയിരുത്തൽ റിപ്പോർട്ടുകൾ കൂടി പരിഗണിച്ചു കൊണ്ടായിരിക്കണം ഭരണസമിതിയിൽ ഭാവി പ്രവർത്തനങ്ങൾ വിലയിരുത്തിപ്പോകേണ്ടത്.

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 150 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്ന പദ്ധതിയാണിത്.

അർഹത

- പഞ്ചായത്തിൽ സ്ഥിരതാമസമായിരിക്കണം
- 18 വയസ്സ് പൂർത്തിയായിരിക്കണം
- ഉയർന്ന പ്രായപരിധിയില്ല
- എ.പി.എൽ/ ബി.പി.എൽ വ്യത്യാസം ഇല്ല.
- ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യണം
- രജിസ്റ്റർ ചെയ്ത് 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകും.
- കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം.
- ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം.

- അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം, നഷ്ടപരിഹാരം എന്നിവക്ക് അർഹത
- ആകെ തൊഴിലിന്റെ മൂന്നിൽ ഒരു ഭാഗം സ്ത്രീകൾക്ക്
- ഒരു വർഷം ഒരു കുടുംബത്തിന് 150 ദിവസം തൊഴിൽ ഉറപ്പ്.
- താമസസ്ഥലത്തിന് 5 കിലോമീറ്ററിനുള്ളിൽ ജോലി. 5 കിലോമീറ്ററിന് പുറമേയാണെങ്കിൽ 10% അധികം കൂലി.
- തൊഴിലാളികൾക്കുള്ള വേതനം 7 മുതൽ 14 ദിവസത്തിനകം.
- കുടിവെള്ളം, തണൽ സൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം എന്നിവ പണി സ്ഥലത്ത്.
- വേതനം ബാങ്ക് അക്കൗണ്ട് മുഖേന
- പരിക്കുപറ്റിയാൽ ചികിത്സാ സൗകര്യം
- മരണം/അംഗവൈകല്യം എന്നിവക്ക് ധനസഹായം
- 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് (കുറഞ്ഞത് 5 കുട്ടികൾക്ക്) ആയ.

# VB-G RAM G

വി.ബി–ജി റാം ജി (VB-G RAM G) പദ്ധതി എന്നത് Viksit Bharat - Guarantee for Rozgar and Ajeevika Mission (Gramin) എന്ന ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ്. ഇത് 2026 ജൂലൈ 1 മുതൽ നിലവിലുള്ള MGNREGA-BVക്ക് പകരമായി നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

<u>പ്രധാന സവിശേഷതകൾ</u>

* ഗ്രാമീണ കുടുംബങ്ങൾക്ക് വർഷത്തിൽ 125 ദിവസത്തെ തൊഴിൽ ഉറപ്പ് (മുൻപ് 100 ദിവസം).
* ജോലി ആവശ്യപ്പെട്ട് 15 ദിവസത്തിനകം ലഭിക്കാത്ത പക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കും.
* വേതനം നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ഡിജിറ്റൽ രീതിയിൽ നൽകും.
* ബയോമെട്രിക് ഹാജർ, ജിയോ–ടാഗിംഗ്, GPS നിരീക്ഷണം തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കും.
* ഗ്രാമ വികസന പ്രവർത്തനങ്ങൾക്കാണ് കൂടുതൽ മുൻഗണന.

<u>ഏതു തരത്തിലുള്ള ജോലികൾ ?</u>

1. ജലസംരക്ഷണവും ജലസേചന പദ്ധതികളും
2. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം (റോഡുകൾ, പൊതുസൗകര്യങ്ങൾ)
3. ഉപജീവനമാർഗ്ഗ വികസന പ്രവർത്തനങ്ങൾ
4. കാലാവസ്ഥാ വ്യതിയാനവും ദുരന്തപ്രതിരോധ പ്രവർത്തനങ്ങളും

<u>ആർക്കാണ് അർഹത?</u>

* ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ.
* 18 വയസ്സ് കഴിഞ്ഞ, കൂലിപ്പണി ചെയ്യാൻ തയ്യാറുള്ള അംഗങ്ങൾ.

<u>അപേക്ഷ എങ്ങനെ?</u>

* ഗ്രാമപഞ്ചായത്ത് മുഖേന
* കോമൺ സർവീസ് സെന്റർ (CSC) വഴി
* ഓൺലൈൻ പോർട്ടൽ വഴി (ലഭ്യമാകുമ്പോൾ)

# മറ്റു സേവനങ്ങൾ

_സാക്ഷ്യപത്രങ്ങൾ

1. ഐ.എ.വൈ. ഗുണഭോക്താവാണെന്നുള്ള സർട്ടിഫിക്കറ്റ്
2. ആനുകൂല്യങ്ങൾ നൽകിയതു സംബന്ധിച്ച സർട്ടിഫിക്കറ്റ്.

സമ്പൂർണ്ണ ശുചിത്വം/ സ്വച്ഛ് ഭാരത് മിഷൻ

വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണത്തിന് ഐ.എ.വൈ ധനസഹായത്തിനു പുറമേ തുക അനുവദിക്കുന്നുണ്ട്. ഇതിന് പ്രത്യേക അപേക്ഷ ആവശ്യമില്ല. ഗ്രാമപഞ്ചായത്തുകൾ വഴിയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പും ആനുകൂല്യ വിതരണവും നടക്കുന്നത്. വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, ടോയ്‌ലറ്റ്, കമ്മ്യൂണിറ്റി ടോയ്‌ലറ്റ് കോംപ്ലക്സ് എന്നിവയ്ക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ ബ്ലോക്കിൽ സ്വീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതികൾ അനുവദിക്കും.

പരാതി പരിഹാര സംവിധാനം

ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിലോ, ജീവനക്കാരുടെ നടപടികളിലോ, സേവനങ്ങളിലോ വീഴ്ച വരുന്ന പക്ഷം ആയത് പരാതി രൂപത്തിൽ രേഖാമൂലം ഉന്നയിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിനോ സെക്രട്ടറിക്കോ പരാതി നൽകാവുന്നതാണ്. ടി.പരാതി പരിശോധിച്ച് വേണ്ട അന്വേഷണം നടത്തി റിപ്പോർട്ട് സഹിതം അത് തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

അടിയന്തിര നടപടി ആവശ്യമായ പരാതിയിൽ പ്രസിഡണ്ടിന്റെ അനുവാദത്തോടെ സത്വര നടപടികളും സ്വീകരിക്കാവുന്നതാണ്. പരാതിയിൽ എടുത്ത തീരുമാനം പരാതിക്കാരനെ രേഖാമൂലം അറിയിക്കും. ഇതിനായി പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

വിവരാവകാശനിയമം

വിവരാകാശ നിയമം അനുസരിച്ച് രേഖകളും വിവരണങ്ങളും ലഭിക്കുന്നതിന് 10 രൂപയുടെ ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്. ബ്ലോക്ക് സെക്രട്ടറി കൂടിയായ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെട്ടവർ അപേക്ഷ ഫീസ് അടക്കേണ്ടതില്ല. വിവരങ്ങൾ രേഖകൾ എന്നിവ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലഭിക്കാവുന്നതാണ്.

പൊതുജനങ്ങൾക്ക് ഈ ഓഫീസിൽ നിന്നു ലഭിക്കേണ്ട സേവനങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം രേഖാമൂലം പരാതി നൽകുന്നതിനു പുറമേ താഴെ പറയുന്ന ഫോൺനമ്പറുകളിൽ ബന്ധപ്പെട്ടും പരിഹാരം തേടാവുന്നതാണ്. കൂടാതെ സേവനങ്ങളെപ്പറ്റി എന്തെങ്കിലും സംശയമോ വിശദീകരണമോ ആവശ്യമെങ്കിൽ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പി.എം.എ.വൈ.

ദരിദ്ര ജനവിഭാഗങ്ങൾക്ക് പുതിയ ഭവനനിർമ്മാണത്തിനുള്ള ധനസഹായം

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ. പദ്ധതിയിലൂടെയാണ് പുതിയ ഭവന നിർമ്മാണത്തിന് ദരിദ്ര ജനവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നത്.

അർഹത:

1. ബി.പി.എൽ കുടുംബമായിരിക്കണം.
2. വീടുകളുടെ തറ വിസ്തീർണ്ണം 25 ച.മീറ്ററിനും 66 ച.മീറ്ററിനും ഇടയിലായിരിക്കണം.
3. വീടുകൾക്ക് പ്രാദേശികമായി അനുയോജ്യമായ മേൽക്കൂര, മഴവെള്ള സംഭരണ സംവിധാനവും ശുചിത്വ കക്കൂസും വയറിംഗും പുകയില്ലാത്ത അടുപ്പും കുടിവെള്ള സംവിധാനവും നിർബന്ധമായും ഉണ്ടായിരിക്കണം.

4. വീടുകൾക്ക് ആസ്ബറ്റോസ് മേൽക്കൂര പാടില്ല.5. കുടുംബനാഥയായ വനിതയുടെ പേരിലാണ് വീട് അനുവദിക്കുന്നത്. ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ കൂട്ടായിട്ടും അനുവദിക്കും. വാസയോഗ്യമായ വീട് ഇല്ലാത്തവരായിരിക്കണം.

6. ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 2 സെന്റ് വസ്തു സ്വന്തമായി ഉണ്ടായിരിക്കണം.
7. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.

ധനസഹായ പരിധി

| | | |
|---|---|---|
| ജനറൽ വിഭാഗം | : | 4,00,000 രൂപ |
| പട്ടികജാതി വിഭാഗം | : | 4,00,000 രൂപ |
| പട്ടികവർഗ്ഗ വിഭാഗം | : | എസ്റ്റിമേറ്റ് അനുസരിച്ച് |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ അംഗങ്ങളായ കുടുംബം | : | 4,00,000 രൂപ |

ഓരോ വിഭാഗത്തിനുമുള്ള ശതമാനം

| | | |
|---|---|---|
| ജനറൽ വിഭാഗം | : | 40% |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം | : | 60% |

(ആകെയുള്ള വീടുകളുടെ 15%, മതന്യൂനപക്ഷ വിഭാഗങ്ങൾക്കും 3% ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കും)

ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

ലൈഫ് സർവ്വേ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നു.

ഹാജരാക്കേണ്ട രേഖകൾ

1. ധനസഹായത്തിനുള്ള അപേക്ഷ
2. വസ്തുവിന്റെ കൈവശാവകാശ രേഖ (വില്ലേജ് ഓഫീസർ നൽകുന്നത്)
3. കരം അടച്ച രസീത്
4. മറ്റു പദ്ധതികളിൽ നിന്നും ഭവനനിർമ്മാണത്തിന് സഹായം ലഭിച്ചിട്ടില്ലെന്ന് കാണിക്കുന്ന ഗ്രാമപഞ്ചായത്ത്/ പട്ടികജാതി വികസന ഓഫീസ് (എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക്) എന്നിവിടങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം.
5. റേഷൻകാർഡിന്റെ പകർപ്പ്.
6. ആധാർ കാർഡിന്റെ പകർപ്പ്.
7. തൊഴിലുറപ്പ് പദ്ധതിയുടെ അംഗത്വ കാർഡിന്റെ പകർപ്പ്
8. ബാങ്ക് എക്കൗണ്ട് പാസ്സ്ബുക്കിന്റെ പകർപ്പ്
9. ഭവനനിർമ്മാണത്തിനായി പഞ്ചായത്ത് അംഗീകരിച്ചു നൽകിയ അനുവാദവും പ്ലാനും.
10. പാസ്പോർട്ട്സൈസ് ഫോട്ടോ (3 എണ്ണം)
11. ഗുണഭോക്താവ് ഇപ്പോൾ താമസിക്കുന്ന പാർപ്പിടത്തിനു മുന്നിൽ കുടുംബത്തോടൊപ്പം നിൽക്കുന്ന ഫോട്ടോ.
12. 200/-രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാർ ഉടമ്പടി.

## ഗഡുക്കൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ അപേക്ഷകൾ ബ്ലോക്ക് ഓഫീസിലോ ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ മാർക്കോ നൽകാം. അർഹതാ പരിശോധന നടത്തി വി.ഇ.ഒ റിപ്പോർട്ട് നൽകുന്നതനുസരിച്ച് ആദ്യ ഗഡു നൽകാം. നാല് ഗഡുക്കളായാണ് ധനസഹായം വിതരണം ചെയ്യുന്നത്. ഓരോ ഗഡുക്കളും അനുവദിക്കുന്നതിന് വീടിന്റെ നിർമ്മാണ ഘട്ടം പരിശോധിച്ച് നൽകുന്ന വി.ഇ ഒയുടെ സർട്ടിഫിക്കറ്റും, പ്രവൃത്തിയുടെ ഫോട്ടോയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ബിഡിഒ, ജോയിന്റ് ബി.ഡി.ഒ. (ആർ.എച്ച്.) എന്നിവർ ഇതിന്മേൽ പരിശോധന നടത്തി ഗഡുക്കൾ അനുവദിക്കും. അവസാന ഗഡു ലഭിക്കുന്നതിന് മുമ്പ് ഈ പദ്ധതിയിൽ ധനസഹായം ലഭിക്കുന്ന വീടും സ്ഥലവും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയില്ല എന്ന് ഒരു കരാർ രജിസ്റ്റർ ചെയ്യേണ്ടതാണ്. വീടുപണി പൂർത്തിയായാൽ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾകൂടി ഹാജരാക്കേണ്ടതാണ്.

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾക്കുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനോ/ വ്യക്തിക്കോ ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹ്യ പുരോഗതിയും സാമൂഹ്യ സമത്വവും ഉറപ്പാക്കുക. പ്രാദേശികമായ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, സ്ത്രീ പുരുഷ അസമത്വം കുറയ്ക്കുക, പ്രാദേശികമായ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, സ്ത്രീ പുരുഷ അസമത്വം കുറയ്ക്കുക, തുല്യ ജോലിക്ക് തുല്യ വേതനം , നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയുക, ദരിദ്ര ജനവിഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക,തൊഴിലെടുക്കുന്നവരിൽ സംഘബോധവും സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പു വരുത്തുക, ഇടത്തട്ടുകാരുടേയും കരാറുകാരുടേയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുക തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ഥായിയായ ദാരിദ്ര്യ ലഘൂകരണത്തിനുള്ള ഈ സാദ്ധ്യതകളാണ് മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മുൻകാല തൊഴിൽദാന പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

## സവിശേഷതകൾ

മിനിമം കൂലി ഉറപ്പു നൽകുന്നു. പ്രവൃത്തിയുടെ ആകെ ചെലവിൽ വേതനഘടകം 60%ൽ കുറയാൻ പാടില്ല. സാധന സാമഗ്രികളും, വിദഗ്ദ്ധ–അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി അടക്കം 40 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. കരാറുകൾ പാടില്ല. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിയന്ത്രണം. വേതനത്തിന് ആനുപാതികമായി ആസ്തികൾ സൃഷ്ടിക്കണം. പദ്ധതി ആസൂത്രണത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മുഖ്യപങ്ക്. നിർവ്വഹണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾ മുഖേന.

## വ്യവസ്ഥകളും അവകാശങ്ങളും

അവിദഗ്ദ്ധ കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിൽ സ്ഥിരതാമസക്കാരുമായിരിക്കണം. 18 വയസ്സ് പൂർത്തിയായിരിക്കണം. (ഉയർന്ന പ്രായപരിധിയോ എപിഎൽ/ബിപിഎൽ വിവേചനമോ ഇല്ല) ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷന് അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം. ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ. തൊഴിൽ നൽകികൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം. 7 ദിവസം കൂടുമ്പോൾ കൂലി പരമാവധി 14 ദിവസത്തിനകം അല്ലെങ്കിൽ 1936ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട് അനുസരിച്ച് നഷ്ടപരിഹാരം. ആകെ തൊഴിലിന്റെ 1/3 സ്ത്രീകൾ. കുടുംബത്തിന് പരമാവധി 100 ദിവസം തൊഴിൽ. 5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10%അധികം കൂലി. കുടിക്കാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം. കുട്ടികളെ നോക്കാൻ ആയ, സ്ത്രീകൾക്ക് പ്രാഥമിക കാര്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യം, പ്രഥമ ശുശ്രൂഷ സൗകര്യം. പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ. അപകട മരണം/ സ്ഥിര അംഗവൈകല്യത്തിന് നഷ്ടപരിഹാരം തൊഴിലാളികളുടെ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിപാലന സൗകര്യം (കുറഞ്ഞത് 5 പേർ) കുട്ടികൾക്ക് തൊഴിൽ സ്ഥലത്തുവെച്ച് അപകടം പറ്റിയാൽ സൗജന്യ ചികിത്സ.

<u>ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാക്രമം</u>

1. ജലസംരക്ഷണവും, മണ്ണ് സംരക്ഷണവും
2. വനവൽക്കരണവും, വരൾച്ച തടയലും
3. ജലസേചന തോടുകൾ,കനാലുകൾ, അടിയണകൾ, തടയണകൾ എന്നിവയെ അഭിവൃദ്ധിപ്പെടുത്തൽ
4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, ഐഎവൈ ഗുണഭോക്താക്കൾ
5. ഏക്കർ വരെ ഭൂമിയുള്ള ചെറുകിടപരിമിത കർഷകർ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, ഹോർട്ടികൾച്ചർ പ്ലാന്റേഷൻ മറ്റു വികസന പരിപാടികൾ.
6. കുളങ്ങൾ വൃത്തിയാക്കൽ മുതലായ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം, ഭൂവികസനം
7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള

വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റു സംരക്ഷണപ്രവർത്തനങ്ങളും.

8. ഗ്രാമങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏതു കാലാവസ്ഥയിലും സഞ്ചാരയോഗ്യമായ റോഡുകളുടെ നിർമ്മാണം (ആകെ പദ്ധതി ചെലവിന്റെ 10% ൽ അധികരിക്കാൻ പാടില്ല)
9. ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളിലെ പശ്ചാത്തല സൗകര്യവികസനത്തിനായി യഥാക്രമം 25 ലക്ഷം.
10. ലക്ഷം രൂപ വരെ ചെലവഴിച്ചുള്ള ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവ കേന്ദ്ര നിർമ്മാണം.
11. സംസ്ഥാന സർക്കാരുകളുമായുള്ള കൂടിയാലോചനകൾക്ക് ശേഷം കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്ത മറ്റ് ഏത് ജോലിയും.

# സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാംഘട്ടം 01. 04. 2020 മുതൽ ശുചിത്വ മിഷൻ മുഖേന ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്. ഓ.ഡി.എഫ് സ്റ്റാറ്റസ് നിലനിർത്തുക, ഖര–ദ്രവ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുക, കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ നിർമ്മിക്കുക, വിവിധ കമ്പോസ്റ്റിംഗ് ബയോമെത്തനേഷൻ പ്രോത്സാഹിപ്പിക്കുക, അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിക്കുക, കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ (ഗോബർധൻ )സ്ഥാപിക്കുക, വിവര വിജ്ഞാന വ്യാപനശേഷി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക, വിവിധ കേന്ദ്ര–സംസ്ഥാന പദ്ധതികളുമായി സംയോജിപ്പിക്കുക. ഈ പദ്ധതിപ്രകാരം ഖര–ദ്രവ മാലിന്യ പദ്ധതികൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും ആകെ ചെലവിന്റെ 30% തുക നിർബന്ധമായും വകയിരുത്തേണ്ടതാണ്.

# ദേശീയസമ്പാദ്യ പദ്ധതി (NSS)

ധനിക–ദരിദ്ര ഭേദമന്യേ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഭാരതസർക്കാർ ആവിഷ്കരിച്ചിട്ടുള്ള മുഖ്യപരിപാടികളിൽ ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി. ഈ പദ്ധതിയുടെ നടത്തിപ്പിൽ വികസന ബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. ഇതിനായി എം.പി.കെ.ബി.വൈ ഏജന്റുമാരായ അർപ്പണബോധമുള്ള വനിതകൾ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. ഇവരുടെ നിയമനം പ്രവർത്തന മേൽനോട്ടം എന്നീ കാര്യങ്ങളിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറെ സഹായിക്കുന്നു. ബ്ലോക്കുകളിൽ വിവിധ നിക്ഷേപങ്ങളിലൂടെ സമ്പാദ്യം സ്വരൂപിക്കുന്നതിന് എസ്.എ.എസ് ഏജന്റുമാരെയും നിയമിക്കുന്നുണ്ട്. ഇവരുടെ പ്രവർത്തന മേൽനോട്ടവും ബിഡിഒ മാർക്കുണ്ട്. അഭ്യസ്ത വിദ്യരായ യുവതിയുവാക്കൾക്ക് തൊഴിൽ നൽകുക വഴി സമ്പാദ്യം സ്വരൂപിച്ച് രാഷ്ട്രത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കി നിക്ഷേപകർക്ക് സുരക്ഷിതത്വവും നൽകുന്നു. ഇപ്പോൾ വെള്ളാങ്കല്ലൂർ ബ്ലോക്കിൽ 38 എം.പി.കെ.ബി.വൈ ഏജന്റുമാരുംപ്രവർത്തിക്കുന്നുണ്ട്.

# മഹിളാ പ്രധാൻ ഏജൻസി (MPKBY)

1972 ൽ സ്ത്രീകൾക്ക് മാത്രമായി സ്വയം തൊഴിൽ എന്ന രീതിയിൽ രൂപകല്പന ചെയ്തിട്ടുള്ള ഏജൻസിയാണ് മഹിളാ പ്രധാൻ ഏജൻസി. സ്ത്രീശാക്തീകരണം ഈ ഏജൻസി രൂപീകരണത്തിന്റെ ഉദ്ദേശലക്ഷ്യമാണ്. ഭവന സന്ദർശനം നടത്തി ഗ്രാമ പ്രദേശങ്ങളിലും അസംഘടിത മേഖലയിൽ ഉൾപ്പെടെ സ്വരൂപിക്കാതിരിക്കുന്ന മിച്ച നിക്ഷേപം നേരിട്ട് സ്വരൂപിക്കുകയും അവരിൽ സമ്പാദ്യ ശീലം വളർത്തുകയുമാണ് ഇവരുടെ കർത്തവ്യം. സർക്കാർ അംഗീകൃത ഏജൻറുമാരായ ഈ വിഭാഗക്കാരുടെ സേവനം നിക്ഷേപകർക്ക് സൗജന്യമായും സുതാര്യമായും ലഭ്യമാകുന്നു. നിലവിൽ ഈ വിഭാഗത്തിൽ 9000ൽ പരം ഏജന്റുമാരുടെ സേവനം ലഭ്യമാണ്. വെള്ളാങ്കല്ലൂർ ബ്ലോക്കിൽ 36 MPKBY ഏജന്റുമാർ ഉണ്ട്.

## സ്റ്റാൻഡേർഡൈസ്ഡ് ഏജൻസി സിസ്റ്റം (SAS)

സ്വയം തൊഴിൽ അവസരം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ സ്ത്രീ പുരുഷ ഭേദമെന്യേ പ്രവർത്തിക്കുവാൻ 1960 ൽ രൂപ കല്പന ചെയ്ത ഏജൻസി വിഭാഗമാണ് എസ്.എ.എസ് ഏജന്റുമാർ. ഈ ഏജന്റുമാർക്ക് കിസാൻ വികാസ് പത്ര, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, 2,3,5 വർഷ കാലാവധിയുള്ള സ്ഥിരനിക്ഷേപം, മാസവരുമാന പദ്ധതി എന്നിവ സംസ്ഥാനത്തിന്റെ ഏതുഭാഗത്തു നിന്നം സമാ ഹരിക്കാവുന്നതാണ്. ഇവരുടെ സേവനം സൗജന്യമായിരിക്കും. നിലവിൽ ഈ വിഭാഗത്തിൽ 700ൽ പരം ഏജന്റുമാരുടെ സേവനം ലഭ്യമാണ്.

## ഏജന്റുമാരുടെ സേവനം മറ്റു മേഖലകളിലേക്ക്

ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാർ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്നവരാണെന്ന കാര്യവും അവരുടെ സാമൂഹ്യ പശ്ചാത്തലവും കണക്കിലെടുത്ത് ദേശീയ സമ്പാദ്യ പദ്ധതി സമാഹരണ പ്രവർത്തനത്തോടൊപ്പം വികസന പ്രവർത്തനങ്ങളിലും സാമൂഹ്യ സുരക്ഷാ സേവന മേഖലകളിലും ഇവരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. സർക്കാർ നൽകി വരുന്ന വിവിധ സേവനങ്ങൾ വേഗത്തിലും കൃത്യതയോടെയും ജനങ്ങൾക്ക് നൽകുന്നതിനുള്ള സർവീസ് ഡെലിവറി ഏജന്റുമാരായി കൂടി ഇവരുടെ സേവനം വിനിയോഗിച്ചുവരുന്നുണ്ട്. സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പച്ചക്കറി കൃഷി വികസനം, ജൈവകൃഷി പ്രോത്സാഹനം എന്നിവയുടെ ബോധവൽക്കരണം, പച്ചക്കറി വിത്ത്, കൃഷിയെ സംബന്ധിച്ച ലഘുലേഖകൾ എന്നിവയുടെ വിതരണം, വൈദ്യുതി ഉപഭോഗം കുറയ്ക്കേണ്ടതിൻറെ ആവശ്യകത സംബന്ധിച്ച പ്രചരണം, ശുചിത്വ മിഷനുമായി ചേർന്ന് ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച ബോധവൽക്കരണം, ഞഇഇ യുമായി ചേർന്ന് ക്യാൻസർ രോഗ പ്രതിരോധ ബോധവൽക്കരണം എന്നീ അധിക ജോലികൾക്ക് പുറമേ നിലവിൽ ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് 'ഹരിത ഭവനം സമ്പാദ്യ ഭവനം' എന്ന പദ്ധതിയുടെ ബോധവൽക്കരണവും അധിക ജോലിയായി ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഏജന്റുമാർ നിർവഹിച്ചു വരുന്നുണ്ട്.

ദേശീയ സമ്പാദ്യ പദ്ധതി നിലവിലുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ ഏജന്റുമാരുടെ സേവനം സംസ്ഥാന സർക്കാരിന്റെ വികസന സാമൂഹിക മേഖലകളിൽ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ അധിക സേവനത്തിന് മഹിളാ പ്രധാൻ ഏജന്റുമാർക്ക് അവരുടെ നിക്ഷേപ സമാഹരണത്തിന്റെ 5.25 % വരെയും എസ്.എ.എസ് ഏജന്റുമാർക്ക് 1.1 % വരെയും പ്രതിഫലമായി നൽകി വരുന്നു. ഇതിലൂടെ ഒരു വശത്ത് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സാമ്പത്തിക സ്ഥിതി ഉയർത്തുവാനും മറു വശത്ത് പൊതുസേവനങ്ങൾ കൂടുതൽ വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇത് കൂടാതെ ക്ഷേമനിധി, പെൻഷൻ ആനുകൂല്യങ്ങൾ, ഇൻഷുറൻസ് പരിരക്ഷ, ചികിത്സാ സഹായം, മക്കൾക്കുള്ള സ്കോളർഷിപ്പ് എന്നിവയും ഏജൻറുമാർക്ക് ലഭ്യമാക്കി വരുന്നുണ്ട്.

# വിവരാവകാശ നിയമം–2005 (RTI Act 2005)

പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുമ്പുള്ള വിവരാവകാശ നിയമം 2005 ഒക്ടോബർ 12 മുതൽ പ്രാബല്യത്തിൽ വന്നു. ഭരണഘടനാ പ്രകാരമോ ലോകസഭയുടേയോ നിയമസഭകളുടേയോ നിയമം വഴിയോ സർക്കാർ വിജ്ഞാപനം വഴിയോ നിലവിൽ വന്നതോ രൂപീകരിക്കപ്പെട്ടതോ ആയ എല്ലാ അധികാരികളും സ്ഥാപനങ്ങളും സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ സഹായധനം ലഭിക്കുന്ന സർക്കാർ ഇതര സംഘടനകളും ഈ നിയമത്തിന്റെ പരിധിയിൽ വരും. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ പ്രമാണമോ രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം, രേഖയുടേയോ പ്രമാണത്തിന്റെയോ കുറിപ്പുകളോ സംക്ഷിപ്തമോ എടുക്കാൻ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കൽ ഏതു പദാർത്ഥത്തിന്റെയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ കമ്പ്യൂട്ടറിലോ അതുപോലുള്ള മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങളിലോ ശേഖരിച്ചു വെച്ചിട്ടുള്ള വിവരങ്ങൾ പ്രിന്റ് ഔട്ടുകൾ, ഫ്ളോപ്പികൾ, ഡിസ്കുകൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ മുതലായ രൂപത്തിൽ പകർപ്പായി ലഭിക്കാനും ഏതൊരു പൗരനും അവകാശമുണ്ടെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.എല്ലാ സർക്കാർ ഓഫീസുകളിലേക്കും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അസിസ്റ്റന്റ് പബ്ലിക് ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്.

വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകളുടെ വിവരം

1. വകുപ്പ്7(1)
   - (എ) വിവരങ്ങൾ എ4 വലിപ്പത്തിലുള്ള പേപ്പറിൽ ലഭിക്കുന്നതിന് ഓരോ പേജിനും 3 രൂപ
   - (ബി) വലിപ്പം കൂടുതലുള്ള പേപ്പറിൽ വിവരങ്ങൾ ലഭിക്കുന്നതിന് അതിനുള്ള യാഥാർത്ഥ ചെലവ്.
   - (സി) സാമ്പിളുകളും മോഡലുകളും ലഭിക്കുന്നതിന് അതിനുള്ള യഥാർത്ഥ വില/ചെലവ്
   - (ഡി) രേഖകളുടെ പരിശോധനയ്ക്ക് ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല.
     അതിനു ശേഷമുള്ള ഓരോ 30 മിനിറ്റിനും അതിന്റെ അംശത്തിനും 10 രൂപ വീതം.

2. വകുപ്പ്7(5)

(എ) സി.ഡി, ഫ്ളോപ്പി തുടങ്ങിയ ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന്
(ബി) പ്രിന്റഡ് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് (ഓരോ പേജിനും 3 രൂപ)

വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ വിവരാവകാശം സംബന്ധിച്ച അധികാരികൾ

| | | |
|---|---|---|
| പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | : | ഹെഡ്ക്ലർക്ക്, വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് |
| അസി.പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ | : | ക്ലർക്ക്, വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് |
| അപ്പലേറ്റ് അതോറിറ്റി | : | സെക്രട്ടറി<br>വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് |

# തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാൻ

ഓംബുഡ്സ്മാൻ എന്നത് കാര്യനിർവ്വഹണ വിഭാഗത്തിലെ സ്വതന്ത്രവും നിഷ്പക്ഷവും ആയ അർദ്ധനീതി ന്യായ പരാതി പരിശോധന പരിഹാര സംവിധാനമാണ്. കേരള പഞ്ചായത്ത് രാജ് നിയമം അദ്ധ്യായം 25ബിയിലെ 271 എഫ് മുതൽ 271 ആർ വരെ വകുപ്പുകളിലാണ് ഓംബുഡ്സ്മാന്റെ ഘടന, പദവി, പ്രവർത്തനം എന്നിവ വ്യവസ്ഥ ചെയ്യുന്നു. ഇതിന് പൂരകമായ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്.

# തദ്ദേശഭരണ ട്രിബ്യൂണൽ

തദ്ദേശഭരണ സ്ഥാപനങ്ങൾ എടുക്കുന്ന ഭരണപരവും നിയന്ത്രണപരവും ആയ തീരുമാനങ്ങൾക്ക് മേലുള്ള അപ്പീലോ റിവിഷനോ തീർപ്പാക്കുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് ഇത്. ഓരോ റവന്യൂ ജില്ലക്കും വേണ്ടിയോ അതിലധികം ജില്ലകൾക്കു വേണ്ടിയോ ജില്ലാ ജഡ്ജി പദവിയിലുള്ള ഉദ്യോഗസ്ഥരെ ട്രിബ്യൂണലായി നിയമിക്കുന്നു. ട്രിബ്യൂണലിന്റെ മുമ്പാകെ നടക്കുന്ന ഏതൊരു നടപടിയും നീതിന്യായ നടപടിയായി കരുതപ്പെടും. സമൻസ് പുറപ്പെടുവിച്ച് നിർബന്ധിത ഹാജർ ഉറപ്പാക്കാനും രേഖകളും പ്രമാണങ്ങളും പരിശോധിക്കാനും സത്യവാങ്മൂലങ്ങൾ തെളിവായി സ്വീകരിക്കാനും കമ്മീഷൻ മുഖേന തെളിവെടുക്കാനും വിധി പുറപ്പെടുവിക്കാനും ഈ ട്രിബ്യൂണലിന് അധികാരമുണ്ട്.

# വ്യവസായ വികസന ഓഫീസ് വെള്ളാങ്കല്ലൂർ

വ്യവസായ വാണിജ്യ വകുപ്പിന്റെ ജില്ലാ ആസ്ഥാനമായ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം. തൃശ്ശൂർ ജില്ലയിലെ 5 താലൂക്കുകളിലും ജില്ലാ വ്യവസായ കേന്ദ്രത്തിന് താലൂക്ക് വ്യവസായ ഓഫീസുകളുണ്ട്. ഇരിങ്ങാലക്കുട താലൂക്ക് വ്യവസായ ഓഫീസ്സിലെ വ്യവസായ വികസന ഓഫീസർ തിങ്കൾ, ബുധൻ ദിവസങ്ങളിൽ വെള്ളാങ്ങല്ലൂർ ബ്ലോക്ക് ഓഫീസ് ആസ്ഥാനത്ത് ജോലി ചെയ്യുന്നു.

### ആഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

I. താല്ക്കാലിക രജിസ്ട്രേഷൻ

ഒരു സംരംഭകൻ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് തീരുമാനമെടുത്തു കഴിഞ്ഞാൽ താല്ക്കാലിക രജിസ്ട്രേഷന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ജില്ല വ്യവസായ കേന്ദ്രം/ താലൂക്ക് വ്യവസായ ഓഫീസ് എന്നിവിടങ്ങളിൽ നൽകാം. ഈ രജിസ്ട്രേഷൻ എടുക്കുന്നതു കൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുന്നു.

# അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ കാര്യാലയം

ഓഫീസ് മുഖേന  നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും

ഈ ഓഫീസിൽ നിന്നും പൊതു ജനങ്ങൾക്ക് നേരിട്ട് സേവനങ്ങൾ ഒന്നും  നൽകിവരുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾ കൂടാതെ എം.പിയുടേയും, എം.എൽ.എയുടേയും പ്രത്യേക ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതിക്കും, കേരള സർക്കാറിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ സർക്കാർ നിർദ്ദേശിക്കുന്ന മറ്റു ഡിപ്പാർട്ട്മെന്റ്

വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുക, ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള 5 പഞ്ചായത്തുകളുടേയും മേഖലയിലുള്ള പദ്ധതികൾ അംഗീകരിക്കുക, സാങ്കേതികാനുമതി നൽകുക, പ്രവൃത്തിയുടെ പരിശോധന അളവുകൾ രേഖപ്പെടുത്തുക, ബിൽ അംഗീകരിച്ചു കൊടുക്കുക എന്നിവയും ഈ ഓഫീസിന്റെ പരിധിയിൽ വരുന്നതാണ്. ബ്ലോക്ക് പരിധിയിൽ വരുന്ന സർക്കാർ/എയിഡഡ് സ്കൂളുകളിലെ പുതിയ കെട്ടിടങ്ങളുടെ മേൽനോട്ടവും ആദ്യത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കലും ഈ ഓഫീസിൽ നിന്നും ചെയ്തുവരുന്നു.

ഓഫീസ് ഘടന സംബന്ധിച്ച വിവരങ്ങൾ

ബ്ലോക്ക് പഞ്ചായത്തിൽ എൽ.എസ്.ജി.ഡി സബ് ഡിവിഷൻ പ്രവർത്തിക്കുന്നു.ഓഫീസ് മേധാവിയായി അസി. എക്സി. എഞ്ചിനീയറും, ഒരു അസി. എഞ്ചിനീയറും, ഒരു ഒന്നാം തരം ഓവർസീയർ, ഒരു രണ്ടാം തരം ഓവർസീയർ, ഒരു ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെയുള്ള ഉദ്യോഗസ്ഥ തസ്തികകൾ നിലവിലുള്ളതുമാണ്. വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എല്ലാ ജീവനക്കാരുടേയും കൺട്രോളിംഗ് ഓഫീസർ കൂടിയാണ് ബ്ലോക്കിലെ അസി. എക്സി.എഞ്ചിനീയർ.

# സംരംഭകർക്കുള്ള പ്രധാനപ്പെട്ട സഹായ പദ്ധതികൾ

## 1. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്

1. ഉല്പാദന മേഖലയിലും, സേവന മേഖലയിലും ആകെ മുതൽമുട ക്ക് 10 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾക്ക് ഈപദ്ധതിയുടെ സഹായം ലഭിക്കും. വായ്പാബന്ധിത പദ്ധതിയാണിത്.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് |
|---|---|---|---|
| പൊതുവിഭാഗം | 30% | 40% | 30% |
| മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, വിമുക്തഭടന്മാർ യുവസംരംഭകർ (40 വയസ്സ് വരെ)) | 20% | 40% | 40% |

## 2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

തൊഴിലും ഉത്പാദനവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയുമുള്ള പദ്ധതി ചെലവിനുമേൽ സബ്സിഡി നൽകുന്ന വായ്പാ ബന്ധിത പദ്ധതിയാണിത്. 10 ലക്ഷത്തിൽ കൂടുതലുള്ള ഉൽപ്പാദന സംരംഭങ്ങൾക്കും 5 ലക്ഷത്തിൽ കൂടുതലുള്ള സേവന സംരംഭങ്ങൾക്കും സംരംഭകൻ എട്ടാം ക്ലാസ്സ് പാസ്സായിരിക്കണം. അപേക്ഷയും അനുബന്ധ രേഖകളും www. kviconline.gov.inഎന്ന വെബ്സൈറ്റിലൂടെ അയക്കാവുന്നതാണ്. ജില്ല വ്യവസായകേന്ദ്രം, KVIC, KVIB എന്നി ഏജൻസികളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് | |
|---|---|---|---|---|
| | | | നഗരം | ഗ്രാമം |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒബിസി, ന്യൂനപക്ഷ വിഭാഗം, വിമുക്തഭടന്മാർ) | 5% | 95% | 25% | 35% |

### 3. സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്)

ഉൽപ്പാദന മേഖലയിലെ സൂക്ഷ്മ – ചെറുകിട – ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണിത്.

**സ്റ്റാർട്ടപ്പ് സപ്പോർട്ട്:** ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് അനുവദനീയമായ സഹായത്തിന്റെ 50% പരമാവധി (മൂന്ന് ലക്ഷം രൂപ) സ്ഥാപനം ആരംഭിക്കുന്നതിന് മുൻപായി ധനസഹായം നൽകുന്നു.

**നിക്ഷേപ സഹായം:** സ്ഥിര നിക്ഷേപങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ ധനസഹായം നൽകുന്നു.

| ക്രമനമ്പർ | വിഭാഗം | സഹായം |
|---|---|---|
| 1 | ജനറൽ<br>വനിത | 15% (പരമാവധി 30 ലക്ഷം രൂപ) |
| 2 | വനിത/എസ്.സി/എസ്.ടി/<br>യുവസംരംഭകർ/NRK | 25% (പരമാവധി 40ലക്ഷം രൂപ) |
| 3 | മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന<br>വ്യവസായങ്ങൾ | 10% (പരമാവധി 10 ലക്ഷം രൂപ)<br>അധിക ധന സഹായം നൽകുന്നു |
| 4 | പിന്നോക്ക ജില്ലകളിലെ സംരംഭങ്ങൾ | 10% (പരമാവധി 10 ലക്ഷം രൂപ)<br>അധിക ധന സഹായം നൽകുന്നു |

**സാങ്കേതിക വിദ്യാ സഹായം:** സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിൻറെ 10% അധിക സബ്സിഡി നൽകു ന്നു (പരമാവധി 10 ലക്ഷം രൂപ).

### 4. ആശ (ASHA- Assistant Scheme For Handicraft Artisans)

കരകൗശല മേഖലയിലുള്ള വിദഗ്ധ തൊഴിലാളികൾക്ക് ഈ മേഖ ലയിൽ സൂക്ഷ്മ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

| ഗുണഭോക്താവിന്റെ വിഭാഗം | സഹായം (സ്ഥിര നിക്ഷേപത്തിന്റെ) |
|---|---|
| ജനറൽ | 40% പരമാവധി 2 ലക്ഷം |
| യുവാക്കൾ (18–45 വയസ്സുള്ളവർ),<br>സ്ത്രീകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം | 50% പരമാവധി 3 ലക്ഷം |

** അപേക്ഷകൻ കരകൗശല വിദഗ്ധ തൊഴിലാളിയായി രജിസ്റ്റർ ചെയ്തിരിക്കണം.

## 5. നാനോ സംരംഭങ്ങൾക്കുള്ള സഹായ പദ്ധതി

സ്ഥിര മൂലധന നിക്ഷേപം 10 ലക്ഷത്തിൽ താഴെയുള്ളതും വൈദ്യുതി ലോഡ് 5 HP വരെയുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ വരുന്നതുമായ ഉൽപ്പാദന/സേവന സംരംഭങ്ങൾ.

- നാനോ സംരംഭങ്ങളുടെ സ്ഥിര മൂലധന വായ്പയിലെ അടച്ച പലിശയുടെ 6% മുതൽ 8% വരെ താങ്ങ് പലിശയായി തുടർച്ചയായി 3 വർഷം തിരികെ നൽകുന്നു.
- പൊതു വിഭാഗത്തിന് 6%, വനിത, എസ്.സി/എസ്.ടി വി ഭാഗത്തിന് 8% പലിശ തിരികെ നൽകുന്നു.



## 6. പി എം എഫ് എം ഇ
## (PMFME - PM Formalisation of Micro Food Processing Enterprises)

കേന്ദ്ര ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

- സൂക്ഷ്മ ഭക്ഷ്യ സംസ്ക്കരണ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലെ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള സഹായം – സ്ഥിര മൂലധന നിക്ഷേപത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ.
- പൊതു അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം – FPOs/സ്വാശ്രയ സംഘ ങ്ങൾ/ സഹകരണ സ്ഥാപനങ്ങൾ/ പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ്/ സർക്കാർ ഏജൻസികൾ എന്നിവർക്ക് പദ്ധതി വിഹിതത്തിന്റെ 35% പരമാവധി 3 കോടി രൂപാ വരെ സഹായം.

## 7. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

സംരംഭ മേഖലയിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്ന തിനുള്ള പ്രത്യേക പദ്ധതി.

- ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ and/or പ്രവർത്തന മൂലധന വായ്പ), അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്.
- 1/4/2022നോ അതിനുശേഷമോ പ്രവർത്തനം/ഉൽപ്പാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്.

## 8. സ്വകാര്യ വ്യവസായ പാർക്കുകൾ

സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി വ്യാവസായിക ആവശ്യങ്ങൾക്കായി ലഭ്യമാക്കി അത് വഴി പര്യാപ്തമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹനവും നൽകുന്നു.

- 10 ഏക്കറിലധികം വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടുകളിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിനുള്ള അനുമതി
- 5 ഏക്കറിലധികം വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടുകളിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്കുള്ള അനുമതി.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് 3 കോടി രൂപ വരെ ധനസഹായം

# ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, വെള്ളാങ്ങല്ലൂർ

## ലഭ്യമാകുന്ന സേവനങ്ങൾ

| ക്രമന. | നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ | അപേക്ഷ നൽകേണ്ട വിധം/ആഫീസ് | ധനസഹായ സേവനം ലഭ്യമാക്കുന്ന സമയപരിധി |
|---|---|---|---|
| 1 | വിവാഹ ധനസഹായം | ജാതി വരുമാനം വിവാഹ സർട്ടിഫിക്കറ്റ് അപേക്ഷ സഹിതം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 2 | മിശ്ര വിവാഹം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്നവർക്കുള്ള ധനസഹായം | രണ്ടു പേരുടേയും ജാതി, വരുമാനം,കോലിവിംഗ് സർട്ടിഫിക്കറ്റ്, തുടങ്ങാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ വിശദാംശം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 3 | ഭവനനിർമ്മാണ പദ്ധതി | ജാതി,വരുമാനം സർട്ടിഫിക്കറ്റ്, ഗ്രാമ ബ്ലോക്ക് ജില്ല പഞ്ചായത്തുകളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 4 | സ്ഥലം വാങ്ങുന്ന പദ്ധതി | ജാതി,വരുമാനംസ്വന്തമായി ഭൂമി ഇല്ല എന്ന സാക്ഷ്യപത്രം (രണ്ടു പേരുടേയും) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 5 | വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | പരമ്പരാഗതമായി ഈ തൊഴിൽ ചെയ്യുന്നുവെന്ന സാക്ഷ്യപത്രം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 6 | സ്വയം തൊഴിൽ പദ്ധതി | ഒരു വ്യക്തിക്ക് 3,00,000/ രൂപ വരെ വായ്പ തുകകയുടെ 1/3 സബ്സിഡി നൽകുന്നു | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 7 | ഭവനങ്ങളുടെ അറ്റകുറ്റപണി | ഉടമാസ്ഥാവകാശം എസ്റ്റിമേറ്റ് | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് രണ്ടാഴ്ചക്കുള്ളിൽ |
| 8 | ചികിത്സാ സഹായം | രോഗത്തിന്റെ അടിസ്ഥാനത്തിൽ വരുമാന പരിധി 50,000/ രൂപയിൽ താഴെ | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് രണ്ടാഴ്ചക്കുള്ളിൽ |
| 9 | പ്രത്യേക പ്രോത്സാഹനസമ്മാനം | എസ്.എസ്.എൽ.സി,പ്ലസ്ടു,ഡിഗ്രി (ഫസ്റ്റ് ക്ലാസ്സ് വേണം) | |
| 10 | അയ്യങ്കാളി ടാലന്റ് സ്കോളർഷിപ്പ് | സമർത്ഥരായ വിദ്യാർത്ഥികൾക്ക് ജാതി,വരുമാനം, മാർക്ക്, ലിസ്റ്റിന്റെ പകർപ്പ് | |
| 11 | അൺ എയിഡഡ് സ്കൂൾ കുട്ടികൾക്ക് ട്യൂഷൻ ഫീ റീ ഇംപേഴ്സ്മെന്റ് | സ്ഥാപനമേധാവിക്ക് അപേക്ഷ സമർപ്പിക്കണം | |
| 12 | 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | രണ്ടര ലക്ഷം രൂപ വരെ വരുമാനമുള്ളവർ സ്ഥാപന മേധാവിക്ക് അപേക്ഷ നൽകണം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 13 | ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പരിപാടി | നായാടി വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് വിവിധ വ്യക്തിഗത ആനുകൂല്യം | |
| 14 | ലിപ്സം ഗ്രാന്റ് | പട്ടികജാതി വിഭാഗത്തിൽപെടുന്ന പ്രൈമറി തലം മുതൽ ഹൈസ്ക്കൂൾ വരെ അതാത് ഹെഡ് മാസ്റ്റർമാർ വഴി നൽകുന്നു | 6-ാമത്തെ വർക്കിങ്ങ്ഡേയ്ക്ക് ശേഷം |
| 15 | പാരലൽ കോളേജ് ഗ്രാന്റ് | ജാതി ,വരുമാനം,യോഗ്യത സർട്ടിഫിക്കറ്റുകൾ (എസ്എസ്എൽസി,പ്ലസ്ടു) സഹിതം സ്ഥാപന മേധാവി മുഖേന അപേക്ഷ സമർപ്പിക്കണം. പ്ലസ് ടു വിഭാഗത്തിന് സ്ക്കൂളിൽ മെറിറ്റിൽ പ്രവേശനം ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപത്രം സഹിതം എസ്.സി, ഒ.ഇ.സി, വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികൾക്കു മാത്രം | |
| 16 | വിദേശ തൊഴിൽ ധനസഹായം | ജാതി,വരുമാനം, വിസ, പാസ്സ്പോർട്ട്, എയർടിക്കറ്റ് | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 17 | പ്രൈമറി എഡുക്കേഷൻ എയ്ഡഡ് | 1 മുതൽ 4 വരെ സർക്കാർ/എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് | 2000 രൂപ വീതം പഠന സാമഗ്രികൾ വാങ്ങുന്നതിന് പ്രധാന അധ്യാപകർ മുഖേന നൽകുന്നു. |

| ക്രമ നമ്പർ | നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ | അപേക്ഷ നൽകേണ്ട വിധം / ആഫീസ് | ധനസഹായ സേവനം ലഭ്യമാക്കുന്ന പരിധി |
|---|---|---|---|
| 1. | വിവാഹ ധനസഹായം | ജാതി വരുമാനം വിവാഹ സർട്ടിഫിക്കറ്റ് അപേക്ഷ സഹിതം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 2. | മിശ്ര വിവാഹം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്നവർക്കുള്ള ധനസഹായം | രണ്ടുപേരുടെയും ജാതി , വരുമാനം , കോലിവിംഗ് സർട്ടിഫിക്കറ്റ് , തുടങ്ങാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ വിശദാംശം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 3. | ഭവനനിർമ്മാണ പദ്ധതി | ജാതി , വരുമാനം സർട്ടിഫിക്കറ്റ് , ഗ്രാമ ബ്ലോക്ക് ജില്ല പഞ്ചായത്തുകളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 4. | സ്ഥലം വാങ്ങുന്ന പദ്ധതി | ജാതി , വരുമാനം സ്വന്തമായി ഭൂമി ഇല്ല എന്ന സാക്ഷ്യപത്രം (രണ്ടു പേരുടംയും ) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 5. | ആരോഗ്യഹാനിക്കിടയാകുന്ന ശുചീകരണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | പരമ്പരാഗതമായി ഈ തൊഴിൽ ചെയ്യുന്നു വെന്ന സാക്ഷ്യപത്രം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 6. | സ്വയം തൊഴിൽ പദ്ധതി | ഒരു വ്യക്തിക്ക് 3,00,000/- രൂപ വരെ വായ്പ തുകയുടെ 1/3 സബ്സിഡി നൽകുന്നു. | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 7. | ചികിത്സാ സഹായം | രോഗത്തിന്റെ അടിസ്ഥാനത്തിൽ വരുമാന പരിധി 50,000/- രൂപയിൽ താഴെ | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് രണ്ടായ്ച്ചക്കുള്ളിൽ |
| 8. | പ്രത്യേക പ്രോത്സാഹനസമ്മാനം | എസ്.എസ്.എൽ.സി , പ്ലസ്ടു, ഡിഗ്രി (ഫസ്റ്റ് ക്ലാസ്സ് വേണം ) | |

| | | | |
|---|---|---|---|
| 9. | അയ്യങ്കാളി ടാലൻറ് സ്കോളർഷിപ്പ് | സമർത്ഥരായ വിദ്യാർത്ഥികൾക്ക് ജാതി , വരുമാനം , മാർക്ക് ലിസ്റ്റിന്റെ പകർപ്പ് | |
| 10. | അൺ എയിഡഡ് സ്കൂൾ കുട്ടികൾക്ക് ട്യൂഷൺ ഫീ റീ ഇംപേഴ്സ്മെൻറ് | സ്ഥാപനമേധാവിക്ക് അപേക്ഷ സമർപ്പിക്കണം | |
| 11. | 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥിക ൾക്ക് സ്കോളർഷിപ്പ് | രണ്ടര ലക്ഷം രൂപ വരെ വരുമാനമുള്ളവർ സ്ഥാപനമേധാവിക്ക് അപേക്ഷ നൽകണം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 12. | ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പരിപാടി | നായാടി വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് വിവിധ വ്യക്തിഗത ആനുകൂല്യം | |
| 13. | ലപ്സം ഗ്രാൻറ് | പട്ടികജാതി വിഭാഗത്തിൽപെടുന്ന പ്രൈമറി തലം മുതൽ ഹൈസ്കൂൾ വരെ അതാത് ഹെഡ് മാസ്റ്റർമാർ വഴി നൽകുന്നു | 6-ാമത്തെ വർക്കിങ്ങ്ഡേയ്ക്ക് ശേഷം |
| 14. | പാരലൽ കോളേജ് ഗ്രാൻറ് | ജാതി , വരുമാനം , യോഗ്യത സർട്ടിഫിക്കറ്റുക ൾ (എസ്.എസ്.എൽ.സി , പ്ലസ്ടു ) സഹിതം സ്ഥാപന മേധാവി മുഖേന അപേക്ഷ സമർപ്പിക്കണം. പ്ലസ് ടു വിഭാഗത്തിന് സ്കൂളിൽ മെറിറ്റിൽ പ്രവേശനം ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപത്രം സബിതം എസ്.സി , ഒ.ഇ.സി വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികൾക്കു മാത്രം | |
| 15. | വിദേശ തൊഴിൽ ധനസഹായം | ജാതി , വരുമാനം , വിസ ,പാസ്സ്പോർട്ട്, എയർടിക്കറ്റ് | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |

| | | | |
|---|---|---|---|
| 16. | പ്രൈമറി എഡ്യൂക്കേഷൺ എയ്ഡ് | 1 മുതൽ 4 വരെ സർക്കാർ/ എയ്ഡ് സ്ക്കൂളുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് | 2000 രൂപ വീതം പഠന സാമഗ്രികൾ വാങ്ങുന്നതിന് പ്രധാന അധ്യാപകർ മുഖേന നൽകുന്നു |
| 17. | സേഫ് പദ്ധതി | പട്ടികജാതിക്കാരുടെ ഭവനപൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിടുന്ന പദ്ധതി. ജാതി , വരുമാനം( 1,00,000/- രൂപ വരെ) , പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം മുതലായവ ,എസ്റ്റിമേറ്റിനനുസരിച്ച് പരമാവധി 2 ലക്ഷം രൂപ 3 ഗഡുക്കളായി നൽകുന്നു. | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |
| 18. | പഠനമുറി | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിനായി 120 ചതുരശ്ര അടി വിസ്തയതിയുള്ള പടനമുറി നിർമിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം 4 ഗഡുക്കളായി നൽകുന്നു. ജാതി , വരുമാനം (1,00,000/- രൂപയിൽ താഴെ) മുതലായ സാക്ഷ്യപത്രങ്ങൾ. | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |

| | | | |
|---|---|---|---|
| 19. | ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം | പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായമായി 2ലക്ഷം രൂപ നൽകുന്നു. ജാതി , വരുമാനം, മരണസർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുബത്തിലെ ഏകവരുമാനദായകനായിരുന്നുവെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, പുനർവിവാഹം ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം മുതലായവ. | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് |

## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
## കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് വെള്ളാങ്കല്ലൂർ

| ക്രമ നമ്പർ | സേവനങ്ങൾ | കാലയളവ് | നിർദ്ദിഷ്ഠ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | ഫീൽഡ് തല പരിശോധന | 5 ദിവസം | കൃഷി ഓഫീസർ/അസിസ്റ്റന്റ് കൃഷി ഓഫീസർ |
| 2 | രൂക്ഷമായ കീടബാധ | 6 മണിക്കൂർ | കൃഷി ഓഫീസർ/അസിസ്റ്റന്റ് കൃഷി ഓഫീസർ |
| 3 | കൃഷിഭവൻ സന്ദർശിക്കുന്ന കർഷകർക്കുള്ള സാങ്കേതിക ഉപദേശം | 2 മണിക്കൂർ | കൃഷി ഓഫീസർ/അസിസ്റ്റന്റ് കൃഷി ഓഫീസർ |
| 4 | അഗ്രോസർവ്വീസ് സെന്ററുകൾ വഴിയുള്ള സേവനങ്ങൾ | 3 ദിവസം | ബ്ലോക്ക് എ.ഡി.എ |
| 5 | മണ്ണു പരിശോധന | 3 ദിവസം | കൃഷി ഓഫീസർ |
| 6 | വിത്ത്, തൈ വിതരണം | ഉടനടി സേവനം | കൃഷി ഓഫീസർ/അസിസ്റ്റന്റ് കൃഷി ഓഫീസർ |
| 7 | ഡിപ്പാർട്ട് മെന്റ് ഫാമുകൾ 7 വഴി വിത്തുകൾ/നടീൽ വസ്തുക്കൾ | ഉടനടി സേവനം | കൃഷി ഓഫീസർ/അസിസ്റ്റന്റ് കൃഷി ഓഫീസർ |
| 8 | അംഗീകൃത പദ്ധതികളിലൂടെ കർഷകർക്ക് ആനുകൂല്യം | കൃഷിഭവനുകളിൽ നിന്നും ക്ലെയിം സ്വീകരിച്ച് ഫണ്ട് | ബ്ലോക്ക് എ.ഡി.എ |
| 9 | കാർഷിക ആവശ്യങ്ങൾക്ക് സൗജന്യ വൈദ്യുതി പദ്ധതി | 30 സെന്റിന് മുകളിൽ കൃഷി ചെയ്യുന്നവർ | കൃഷി ഓഫീസർ |
| 10 | വളം കീടനാശിനി ലൈസൻസ് | 45 ദിവസം | കൃഷി ഓഫീസർ |
| 11 | പ്രൈവറ്റ് നഴ്സറി ലൈസൻസ് | 45 ദിവസം | കൃഷി ഓഫീസർ |
| 12 | ക്രോപ്പ് ഇൻഷുറൻസ് പോളിസി | 30 ദിവസം | കൃഷി ഓഫീസർ |
| 13 | FIRപ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം | 30 ദിവസം | കൃഷി ഓഫീസർ |
| 14 | കർഷക പെൻഷൻ –കർഷക രജിസ്ട്രേഷൻ | 30 ദിവസം | കൃഷി ഓഫീസർ |
| 15 | പി.എം.കിസാൻ – കർഷക രജിസ്ട്രേഷൻ | 15 ദിവസം | ബ്ലോക്ക് എ.ഡി.എ |

# ക്ഷീരവികസന യൂണിറ്റ് ഓഫീസ്, വെള്ളാങ്ങല്ലൂർ

| | നിലവിൽ നൽകുന്ന സേവനങ്ങൾ | അപേക്ഷ നൽകേണ്ട വിധം | സമയപരിധി |
|---|---|---|---|
| 1 | തീറ്റപ്പുൽ കൃഷി ധനസഹായം | വെള്ളാങ്ങല്ലൂർ ബ്ലോക്ക് പരിധിയിലെ ക്ഷീരകർഷകർക്ക് ക്ഷീരശ്രീ പോർട്ടൽ മുഖേന അപേക്ഷ ക്ഷണിക്കുമ്പോൾ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ് | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് |
| 2 | മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം | വെള്ളാങ്ങല്ലൂർ ബ്ലോക്ക് പരിധിയിലെ ക്ഷീരകർഷകർക്ക് ക്ഷീരശ്രീ പോർട്ടൽ മുഖേന അപേക്ഷ ക്ഷണിക്കുമ്പോൾ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ് | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് |
| 3 | ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | വെള്ളാങ്ങല്ലൂർ ബ്ലോക്ക് പരിധിയിലെ ക്ഷീരസംഘം നിർദ്ദിഷ്ട അപേക്ഷ ഫോറത്തിൽ അപേക്ഷയോടോപ്പം പറഞ്ഞിട്ടുള്ള രേഖകൾ | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് |
| 4 | ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിക്കുന്ന ക്ഷീരവികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുക | നിർദ്ദിഷ്ട അപേക്ഷ ഫോറത്തിൽ അപേക്ഷയോടോപ്പം പറഞ്ഞിട്ടുള്ള രേഖകൾ | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് |
| 5 | ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കുന്ന ക്ഷീരവികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുക | നിർദ്ദിഷ്ട അപേക്ഷ ഫോറത്തിൽ അപേക്ഷയോടോപ്പം പറഞ്ഞിട്ടുള്ള രേഖകൾ | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് |

# 5. ശിശു വികസന പദ്ധതി ഓഫീസ്, വെള്ളാങ്ങല്ലൂർ

| ക്രമ നം | ലഭ്യമാക്കുന്ന സേവനം | | അപേക്ഷിക്കേണ്ട വിധം | സമയപരിധി | റിമാർക്സ് |
|---|---|---|---|---|---|
| 1 | **അങ്കണവാടി വഴി സേവനങ്ങൾ** | | | | |
| | മ | സ്കൂൾ പൂർവ വിദ്യാഭ്യാസം (പ്രീ-സ്കൂൾ): മൂന്ന് മുതൽ ആറ് വയസ്സ് വരെയുള്ള കുട്ടികൾക്ക് അടിസ്ഥാനപരമായ അറിവുകളും കളികളിലൂടെയുള്ള വിദ്യാഭ്യാസവും നൽകുന്നു. | അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യണം. | ബാധകമല്ല | |
| | b | THRS പദ്ധതി അമൃതം ന്യൂട്രിമിക്സ് (6 മാസം മുതൽ3 വയസ്സു വരെ ഉള്ള കുട്ടികൾക്ക് ) | അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യണം. | ബാധകമല്ല | |
| | c | അനുപൂരക പോഷകാഹാരം<br>കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരക്കുറവ് പരിഹരിക്കാനായി പോഷകസമൃദ്ധമായ ഭക്ഷണം നൽകുന്നു. | അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യണം. | ബാധകമല്ല | |
| | d | പോഷകാഹാര വിദ്യാഭ്യാസവും ബോധവൽക്കരണവും:<br>അമ്മമാർക്ക് ആരോഗ്യത്തെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും അവബോധം നൽകുന്നു. | അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യണം. | ബാധകമല്ല | |
| | e | ആരോഗ്യ പരിശോധന: കുട്ടികളുടെ വളർച്ച കൃത്യമായി നിരീക്ഷിക്കുകയും, ഗർഭിണികൾക്ക് ആവശ്യമായ ആരോഗ്യ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. | അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യണം. | ബാധകമല്ല | |
| | f | പ്രതിരോധ കുത്തിവയ്പ്പ്: കുട്ടികളിലെ മാരകമായ രോഗങ്ങൾ തടയാൻ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്നു. | അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യണം. | ബാധകമല്ല | |
| | g | ഗർഭിണികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY) | അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യണം. | ബാധകമല്ല | ആദ്യ പ്രസവം -5000<br>രണ്ടാം പ്രസവം (പെൺകുഞ്ഞ്) -6000 |
| | h | ശൈശവ വിവാഹം നിരോധനം | ഫോൺ മുഖേനയോ, രേഖാമൂലമോ CDPOയെ അറിയിക്കുക | 8 വയസ്സിനു താഴെ പ്രായമുള്ളവരുടെ വിവാഹം നിയമപ്രകാരം തടയുന്നതിന് | കൃത്യമായ വിവരം നൽകുന്ന വർക്ക് പാരിതോഷികം നൽകുന്നതാണ്. പൊൻവാക്ക് |

| ക്രമ നം | | ലഭ്യമാക്കുന്ന സേവനം | അപേക്ഷിക്കേണ്ട വിധം | സമയപരിധി | റിമാർക്സ് |
|---|---|---|---|---|---|
| 2 | **വനിതാ ശിശു വികസന വകുപ്പ് മുഖേന ലഭ്യമാകുന്ന പദ്ധതികൾ** | | | | |
| | a | പാരന്റിങ് ക്ലിനിക് - സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർ സേവനം എല്ലാ ശനിയാഴ്ച്ചയും, രണ്ടാം ശനിയാഴ്ച്ച ആണെങ്കിൽ തൊട്ട് മുൻപത്തെ വെള്ളിയാഴ്ചയും ശിശു വികസന പദ്ധതി ഓഫീസിൽ ലഭ്യമാണ്. | schemes.wcd.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ മുഖേനെ അപേക്ഷ സമർപ്പിക്കണം. | വകുപ്പ് ഫണ്ട് നൽകുന്ന മുറക്ക് ജില്ലാ വനിതാ ശിശുവികസന ഓഫീസർ തുക അനുവദിക്കും. | |
| | b | ആശ്വാസനിധി–ലൈംഗികാതിക്രമങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ എന്നിവയ്ക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കേരള വനിത-ശിശു വികസന വകുപ്പ് അടിയന്തര ധനസഹായം നൽകുന്ന പദ്ധതി | schemes.wcd.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ മുഖേനെ അപേക്ഷ സമർപ്പിക്കണം. | വകുപ്പ് ഫണ്ട് നൽകുന്ന മുറക്ക് ജില്ലാ വനിതാ ശിശുവികസന ഓഫീസർ തുക അനുവദിക്കും | |
| | c | വനിതകൾ ഗൃഹനാഥയായുള്ള കുടുംബ ങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായ ത്തിനുള്ള അപേക്ഷ (അച്ഛനോ അമ്മയോ മരിച്ചുപോയ വിദ്യാർത്ഥികൾ ഒഴികെയുള്ള വർക്ക്) | chemes.wcd.kerala.gov.in എന്ന ഓൺ ലൈൻ പോർട്ടൽ മുഖേനെ അപേക്ഷ സമർപ്പിക്കണം. | വകുപ്പ് ഫണ്ട് നൽകുന്ന മുറക്ക് ജില്ലാ വനിതാ ശിശുവികസന ഓഫീസർ തുക അനുവദിക്കും | |
| | d | വിധവ പുനർവിവാഹ ധനസഹായത്തിനുള്ള അപേക്ഷ | schemes.wcd.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ മുഖേനെ അപേക്ഷ സമർപ്പിക്കണം. | വകുപ്പ് ഫണ്ട് നൽകുന്ന മുറക്ക് ജില്ലാവനിതാ ശിശുവികസന ഓഫീസർ തുക അനുവദിക്കും. | |
| | ല | അഭയകിരണം– അപേക്ഷാഫോറം അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസ ധനസഹായം നൽകുന്നതിനുള്ള അപേക്ഷ | schemes.wcd.kerala.gov.in എന്ന ഓൺ ലൈൻ പോർട്ടൽ മുഖേനെ അപേക്ഷ സമർപ്പിക്കണം. | വകുപ്പ് ഫണ്ട് നൽകുന്ന മുറക്ക് ജില്ലാ വനിതാ ശിശു വികസന ഓഫീസർ തുക അനുവദിക്കും. | |
| | f | സഹായഹസ്തം– അപേക്ഷാഫോറം വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യാനുള്ള ധനസഹായം | schemes.wcd.kerala.gov.in എന്ന ഓൺ ലൈൻ പോർട്ടൽ മുഖേനെ അപേക്ഷ സമർപ്പിക്കണം. | വകുപ്പ് ഫണ്ട് നൽകുന്ന മുറക്ക് ജില്ലാ വനിതാ ശിശു വികസന ഓഫീസർ തുക അനുവദിക്കും. | |
| | g | വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭാസത്തിന് ധനസഹായത്തിന് ഉള്ള അപേക്ഷ | schemes.wcd.kerala.gov.in എന്ന ഓൺ ലൈൻ പോർട്ടൽ മുഖേനെ അപേക്ഷ സമർപ്പിക്കണം. | വകുപ്പ് ഫണ്ട് നൽകുന്ന മുറക്ക് ജില്ലാ വനിതാ ശിശു വികസന ഓഫീസർ തുക അനുവദിക്കും. | |

| ക്രമ നം | | ലഭ്യമാക്കുന്ന സേവനം | അപേക്ഷിക്കേണ്ട വിധം | സമയപരിധി | റിമാർക്സ് |
|---|---|---|---|---|---|
| 3 | **സാമൂഹിക സുരക്ഷാമിഷൻ മുഖേനെ ഉള്ള പദ്ധതികൾ** | | | | |
| | a | സമാശ്വാസം വൃക്ക തരാർ ആയതിനാൽ ഡയാലിസിസ് ചെയ്യുന്നവർക്കുള്ള പ്രതിമാസം സഹായം BPL കുടുംബത്തിൽ ഉള്ളവർക്ക് | സാമൂഹിക സുരക്ഷാമിഷൻ വെബ് പേജിൽ നിന്നോ ഓഫീസിൽ നിന്നോ അപേക്ഷ വാങ്ങി അപേക്ഷിക്കണം | സാമൂഹിക സുരക്ഷാമിഷനു ഫണ്ട് വരുന്ന മുറക്ക് ധനസഹായം വിതരണം നൽകും | |
| | b | 'ആശ്വാസകിരണം കിടപ്പു രോഗികളെ ശുശ്രുഷിക്കുന്നവർക്കു പ്രതിമാസ സഹായം BPL കുടുംബത്തിൽ ഉള്ളവർക്ക് | സാമൂഹിക സുരക്ഷാമിഷൻ വെബ് പേജിൽ നിന്നോ ഓഫീസിൽ നിന്നോ അപേക്ഷ വാങ്ങി അപേക്ഷിക്കണം | സാമൂഹിക സുരക്ഷാമിഷനു ഫണ്ട് വരുന്ന മുറക്ക് ധനസഹായം വിതരണം നൽകും | |
| 4 | **സാമൂഹ്യ നീതി വകുപ്പ്** | | | | |
| | a | 'സാമൂഹ്യ നീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാർക്ക് നടത്തുന്ന പദ്ധതികൾ | 'സുനീതി' പോർട്ടൽ മുഖേന അപേക്ഷിക്കാവുന്നതാണ് 'സുനീതി' പോർട്ടൽ മുഖേന അപേക്ഷിക്കണം. | സാമൂഹ്യ നീതി വകുപ്പ് ഫണ്ട് വരുന്ന മുറക്ക് ധനസഹായം വിതരണം നൽകും | |

## പുത്തൻചിറ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

1. ഔട്ട്പേഷ്യന്റ് പരിശോധന
2. കിടത്തി ചികിത്സ
3. ജീവിതശൈലിരോഗ നിയന്ത്രണ പരിപാടി
4. ലാബോറട്ടറി സേവനം
5. പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം
6. പെയിൻ ആന്റ് പാലിയേറ്റീവ് ഒ.പി
7. ക്ഷയരോഗ നിയന്ത്രണ പരിപാടി
8. വിവിധ കുടുംബക്ഷേമ സേവനങ്ങൾ
9. നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം
10. രോഗപ്രതിരോധ ചികിത്സ
11. കാഴ്ച പരിശോധന
12. ദേശീയകുഷ്ഠ രോഗ നിവാരണ പരിപാടി
13. ഡേയ്ഞ്ചർ ആന്റ് ഓർസീസ് ട്രേഡ് പരിശോധനയും നടപടികളും
14. സാനിറ്ററി സർട്ടിഫിക്കറ്റ് വിതരണം
15. ഗർഭിണികളുടെ പരിശോധനയും ചികിത്സയും
16. വിവിധ കൗൺസിലിംഗ് പ്രവർത്തനങ്ങൾ
17. വിദ്യാലയ ആരോഗ്യപരിപാടി
18. ദന്തരോഗ വിഭാഗം
19. കൗമാരപ്രായമായവർക്കായുള്ള കൗൺസിലിംഗ്
20. പേവിഷബാധ നിയന്ത്രണ പരിപാടി
21. ദേശീയ ആരോഗ്യദൗത്യം പരിപാടി
22. കൗമാരആരോഗ്യപരിപാടി
23. പ്രധാനമന്ത്രി സുരക്ഷിതമാതൃത്വ അഭിയാൻ

## ലാബ് പരിശോധനകളുടെ വിവരങ്ങൾ

1. ബ്ലഡ് റോട്ടീൻ(എച്ച്.ബി,ടി.സി, ഡി.സി, ഇ.എസ്.ആർ)
2. പ്ലേറ്റ്ലെറ്റ്
3. വൈഡാൽ (സ്ലൈഡ് ടെസ്റ്റ്)
4. ബ്ലഡ് ഷുഗർ
5. ടോട്ടൽ കൊളസ്ട്രോൾ
6. ബ്ലഡ് ഗ്രൂപ്പ്
7. യൂറിൻ പ്രഗ്നൻസി കാർഡ്
8. മലേരിയ കാർഡ് ടെസ്റ്റ്
9. ആർ.എൻ.ടി.സി.പി
10. ബിലിറുബിൻ ടോട്ടൽ
11. ബിലിറുബിൻ ഡയറക്ട്

# പ്രാഥമികാരോഗ്യ കേന്ദ്രം വെള്ളാങ്ങല്ലൂർ

## ലഭ്യമാകുന്ന സേവനങ്ങൾ

1. ഡോക്ടർമാരുടെ സേവനം
2. മെഡിക്കൽ സർട്ടിഫിക്കറ്റ്
3. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
4. ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ
5. നേത്രപരിശോധന
6. പൊതുജനാരോഗ്യ സംബന്ധമായ പരാതികൾ സ്വീകരിക്കലും നിയമനടപടിയും
7. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്
8. മാതൃശിശു സംരക്ഷണ പ്രതിരോധ ചികിത്സ
9. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ സേവനം
10. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം
11. സബ് സെന്റർ ക്ലിനിക്
    എ) കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്
    ബി) ഗർഭിണികൾക്കുള്ള ക്ലിനിക്

.

## ലബോറട്ടറി പരിശോധന വിവരങ്ങൾ

### ഹെമറ്റോളജി
1 ഹീമോഗ്ലോബിൻ
2 ടോട്ടൽ ഡബ്ല്യു ബി. സി. കൗണ്ട്
3 ഡിഫറൻഷൽ കൗണ്ട്
4 ഇ. എസ് . ആർ
5 പ്ലേറ്റ്ലെറ്റ് കൗണ്ട്
6 ബ്ലഡ് റൂട്ടിൻ
7 ആർ . ബി . സി കൗണ്ട്
8 പി . സി . വി
9 എം സി വി
10 എം സി എച്ച്
11 എം സി എച്ച് സി
12 ആർ ഡി ഡബ്ല്യു സി വി
12 സി ബി സി
14 ബ്ലഡ് ഗ്രൂപ്പ് ആർ ആർ എച്ച്
15 ബി ടി
16 ഫയലേറിയ
17 എ ഇ സി
18 മലേറിയ

### ബയോകെമിസ്ട്രി
1 ബ്ലഡ് ഷുഗർ
2 ബ്ലഡ് യൂറിയ
3 സിറം ക്രിയാറ്റിൻ
4 സിറം യൂറിക് ആസിഡ്
5 ടോട്ടൽ കൊളസ്ട്രോൾ
6 ട്രൈഗ്ലീസറൈസ്
7 എച്ച് ഡി എൽ
8 എൽ ഡി എൽ
9 എഫ് എൽ പി
10 ബിലിറൂബിൻ ടോട്ടൽ
11 ബിലിറൂബിൻ ഡയറക്ട്
12 എസ് ജി ഒ ടി
13 എസ് ജി പി ടി
14 ടോട്ടൽ പ്രോട്ടിൻ
15 ആൽബുമിൻ
16 ആൽക്കലൈൻ ഫോസ്ഫറസ്
17 എൽ എഫ് ടി
18 എച്ച് ബി എ വൺ സി
19 കാൽസ്യം
20 സിറം സോഡിയം
21 സിറം പൊട്ടാസ്യം
22 സി ആർ പി
23 ആർ എ ഫാക്ടർ
24 യൂറിൻ മൈക്രോ ആൽബുമിൻ

### യൂറിൻ അനാലിസിസ്
1 യൂറിൻ ആൽബുമിൻ
2 യൂറിൻ ഷുഗർ
3 യൂറിൻ റൂട്ടിൻ
4 യൂറിൻ കീറ്റോൺ
5 യൂറിൻ ബൈൽസാൾട്ട്
6 യൂറിൻ പിമെൻറ്
7 യൂറിൻ പ്രെഗ്നൻസി ടെസ്റ്റ്

### സെറോളജി
1 വി ഡി ആർ എൽ
2 വൈഡൽ
3 എച്ച് ഐ വി
4 എച്ച് ബി എസ് എ ജി
5 എച്ച് സി വി
6 ഡെൻകു എൻ എസ് വൺ
7 ഡെൻകു ഐ ജി /ഐ ജി എം
8 ലെപ്റ്റോസ്പൈറ

### ഹോർമോൺ വിശകലനം
1 ടി എസ് എച്ച്
2 വിറ്റാമിൻ ഡി3
3 ട്രോപോണിൻ ഐ

### കഫ പരിശോധന
1 സ്പ്യൂട്ടം എ എഫ് ബി
2 സ്പ്യൂട്ടം ട്രൂനാറ്റ്

## വിവിധ ഓഫീസുകളുടെ ടെലഫോൺ നമ്പറുകൾ

| | |
|---|---|
| കളക്ടറേറ്റ്, തൃശ്ശൂർ | 0487 2360130 |
| എൽ.എസ്.ജി.ഡി. ജോ. ഡയറക്ടർ തൃശ്ശൂർ | 0487 2360616 |
| ജില്ലാ എസ്.സി. ഓഫീസ്, തൃശ്ശൂർ | 0487 2360381 |
| ടി.എസ്.സി. ഓഫീസ്, തൃശ്ശൂർ | 0487 2360154 |
| ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസ്, തൃശ്ശൂർ | 0487 2331249 |
| ജില്ലാ പഞ്ചായത്ത് ഓഫീസ്, തൃശ്ശൂർ | 0487 2360455, 2360251 |
| ജില്ലാ പ്ലാനിംഗ് ഓഫീസ്, തൃശ്ശൂർ | 0487 2360672 |
| കില, തൃശ്ശൂർ | 0487 2204097 |
| റൂറൽ ജില്ലാ ട്രഷറി ഇരിങ്ങാലക്കുട | 0480 2831832 |
| സബ് ട്രഷറി മുകുന്ദപുരം | 0480–2821682 |
| സബ് ട്രഷറി, കൊടുങ്ങല്ലൂർ | 0480–2802557 |
| എ.ജി. ഓഫീസ്, തൃശ്ശൂർ | 0487 2331322 |
| പോലീസ് സ്റ്റേഷൻ, ഇരിങ്ങാലക്കുട | 0480 2825228 |
| പോലീസ് സ്റ്റേഷൻ, കാട്ടൂർ | 0480 2877590 |
| പോലീസ് സ്റ്റേഷൻ, മാള | 0480 2890241 |
| പോലീസ് സ്റ്റേഷൻ, ആളൂർ | 0480 2725100 |
| താലൂക്ക് ഓഫീസ്, ഇരിങ്ങാലക്കുട | 0480 2825259 |
| സപ്ലൈ ഓഫീസ്, മുകുന്ദപുരം | 0480 282 5259 |
| മുനിസിപ്പാലിറ്റി, ഇരിങ്ങാലക്കുട | 0480 2825259 |
| താലൂക്ക് ആശുപത്രി, ഇരിങ്ങാലക്കുട | 0480 2825213 |
| കെ.എസ്.ഇ.ബി., വെള്ളാങ്ങല്ലൂർ | 0480 860272 |
| കെ.എസ്.ഇ.ബി., മാള | 0480 2890257 |
| ജില്ലാ സാക്ഷരതാ മിഷൻ, തൃശ്ശൂർ | 0487 2365024 |
| ആർ.ടി.ഒ. ഓഫീസ്, തൃശ്ശൂർ | 0487 2360262 |
| പൂമംഗലം ഗ്രാമപഞ്ചായത്ത് | 0480 2860210 |
| പടിയൂർ ഗ്രാമപഞ്ചായത്ത് | 0480 2845279 |
| പുത്തൻചിറ ഗ്രാമപഞ്ചായത്ത് | 0480 2890208 |
| വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 0480 2860254 |
| വേളൂക്കര ഗ്രാമപഞ്ചായത്ത് | 0480 860248 |
| പി.എച്ച്.സി. വെള്ളാങ്ങല്ലൂർ | 0480 2861021 |
| സാമൂഹിക ആരോഗ്യ കേന്ദ്രം, പുത്തൻചിറ | 0480 2891039 |
| പട്ടികജാതി വികസന ഓഫീസർ | 8547630113 |
| ഡെയറി എക്സ്റ്റൻഷൻ ഓഫീസ് | 0480 2860232 |
| ചൈൽഡ് ഡെവലപ്മെന്റ് ഓഫീസ് | 0480 2865916 |
| കൃഷി അസി. ഡയറക്ടർ ഓഫീസ് | 0480 2864871 |
| ചൈൽഡ് ലൈൻ | 1098 |
| വനിത ഹെൽപ്പ് ലൈൻ | 1091, 0487 2428855 |
| ഹൈവേ പോലീസ് | 9946500119 |
| പോലീസ് കൺട്രോൾ റൂം | 100, 0487 2424193 |
| ആക്ട്സ് ടോൾ ഫ്രീ നമ്പർ | 1099 |